2015 ജനുവരി 25
വാല്യം 08
ലക്കം 02

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# 91–ാമത് കുമ്പനാട് കൺവൻഷൻ തുടങ്ങി

## പീഡനങ്ങൾ സഭാവളർച്ചയെ ത്വരിതപ്പെടുത്തും: പാസ്റ്റർ ജേക്കബ് ജോൺ




91–ാമത് ഐ. പി. സി. ജനറൽ കൺവൻഷൻ കുമ്പനാട് ഹെബ്രോൻപുരത്ത് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യുന്നു. വാർത്താ പേജ് 09

## പാസ്റ്റർ കൂടൽ കുഞ്ഞുമോന്റെ ഗ്രന്ഥം വിവാദമാകുന്നു






ശാരോൻ ഫെലോഷിപ്പ് ചർച്ച് കോന്നി സെക്ഷൻ പാസ്റ്ററും മുറിഞ്ഞകൽ സഭാശുശ്രൂഷകനും കൃപാവരപ്രാപ്തനുമായ പാസ്റ്റർ റ്റി. എസ്. ദാനിയേൽ (കൂടൽ കുഞ്ഞുമോൻ) എഴുതിയ ഗ്രന്ഥം വിവാദമാകുന്നു. "പുതിയ ശുശ്രൂഷകന്മാരും ശുശ്രൂഷയും" എന്ന പുസ്തകത്തിലെ പരാമർശങ്ങളാണ് വിവാദത്തിനു തിരികൊളുത്തിയിരിക്കുന്നത്. ക്രൈസ്തവസഭയുടെ അടിസ്ഥാനപരമായ വിശ്വാസപ്രഖ്യാപനങ്ങളെ വെല്ലുവിളിക്കുന്ന ഈ പുസ്തകം ഇതിനോടകം ചർച്ചയായിക്കഴിഞ്ഞു.

ഈ ഗ്രന്ഥത്തിലെ "സ്വർഗ്ഗത്തിൽ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും എങ്ങനെ കാണാൻ കഴിയും?" (പേജ് 255 - 260) എന്ന ഭാഗമാണ് വിവാദമായിരിക്കുന്നത്. പെന്തെക്കോസ്ത് സമൂഹത്തിലെ പ്രഗത്ഭരായ വേദപണ്ഡിതരും സഭാനേതാക്കന്മാരും അവതാരികയും ആശംസകളും എഴുതിയിരിക്കുന്ന പ്രസ്തുത ഗ്രന്ഥം ഏറെ സംവാദങ്ങൾക്ക് വഴി തെളിക്കും. "ത്രിത്വം" എന്ന പദം വേദപുസ്തകത്തിലില്ല. ഏകദൈവത്തിന്റെ മൂന്നു ഘട്ടങ്ങളിലെ പ്രവർത്തനമുഖമാണ് പിതാവും പുത്രനും പരിശുദ്ധാത്മാവും. മനുഷ്യന്റെ വീണ്ടെടുപ്പ് എന്ന ഒന്നില്ലായിരുന്നെങ്കിൽ യേശുവിന്റെ ആവശ്യമില്ലായിരുന്നു. "നിത്യതയിൽ യേശുവിന്റെ ആവശ്യമുണ്ടോ"? എന്ന തലക്കെട്ടിൽ ഗുരുതരമായ ദുരുപദേശമാണ് എഴുതിയിരിക്കുന്നത്. "മനുഷ്യന്റെ വീണ്ടെടുപ്പ് എന്ന ആവശ്യം പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ ഇനിയും യേശുവിന്റെ ആവശ്യമില്ല. ഇനി

09

## ജനറൽ യൂത്ത് കൺവൻഷൻ 2015



കുമ്പനാട്: 91–ാമത് ഐ. പി. സി. ജനറൽ കൺവൻഷനോട് അനുബന്ധമായി നടക്കുന്ന യുവജന കൺവൻ.ൻ 19–ാം തീയതി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ. കോശി (പഞ്ചാബ്). അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൺവീനർമാരായ പാസ്റ്റർ എം. കെ. ജോർജ്, ബ്രദർ സജി വെൺമണി കൂടാതെ പി. വൈ. പി. എ. ജനറൽ പ്രസിഡന്റ് ബ്രദർ സുധി ഏബ്രഹാം കല്ലുങ്കൽ, സെക്രട്ടറി പാസ്റ്റർ സാം പനച്ചയിൽ, ട്രഷറർ ബ്രദർ വെസ്ലി ആലുംമൂട്ടിൽ, പി. വൈ. പി. എ. കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ഇവാ. സിനോജ് ജോർജ് എന്നിവർ പ്രസംഗിച്ചു.

## സാക്ഷി



പ്രസംഗകർ കാടുകയറുന്നു.

*പ്രസംഗത്തിന് വിഷയം നൽകിയിട്ടുള്ളതിനാൽ വിഷയ ദാരിദ്ര്യത്തിന് സാധ്യതയില്ല.*

## ഐ. പി. സിയിൽ പാനൽ യുദ്ധം അവസാനിക്കുന്നില്ല




കുമ്പനാട്: രാഷ്ട്രീയ അതിപ്രസരം ഇല്ലാതാക്കുവാൻ പാനലില്ലാതെ തെരഞ്ഞെടുപ്പ് നടക്കും എന്ന നിലയിൽ ചില മാധ്യമങ്ങളിൽ വാർത്ത വന്നത് യാഥാർത്ഥ്യമല്ലെന്ന് തെളിഞ്ഞിരിക്കുന്നു. തന്ത്രപൂർവ്വം ചില സ്ഥാനങ്ങൾ കൈയ്യടക്കുവാനുള്ള ചിലരുടെ ശ്രമത്തിന്റെ ഭാഗമായിരുന്നു അത്തരം വാർത്തകൾ. എതിർപക്ഷം വിപുലമായ പാനൽ മീറ്റിംഗ് വിളിച്ച് ചേർത്തതോടെ ഐ. പി. സിയിലെ തെരഞ്ഞെടുപ്പ് രാഷ്ട്രീയം എങ്ങോട്ടാണെന്നുള്ള ചിത്രം ലഭ്യമായി തുടങ്ങി. പാസ്റ്റർ കെ. സി. ജോണിനെ തുണയ്ക്കുന്ന പക്ഷവും പാസ്റ്റർ വത്സൻ ഏബ്രഹാമിനെ തുണയ്ക്കുന്ന പക്ഷവും ശക്തമായി അണിയറയിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കേരളാ സ്റ്റേറ്റ് ഇലക്ഷൻ ഇക്കുറി വളരെ ശക്തമായിരിക്കും എന്നാണ് ഇപ്പോൾ ലഭിക്കുന്ന സൂചനകൾ. സ്റ്റേറ്റ് പ്രസിഡന്റ് സ്ഥാനത്തേക്ക് പാസ്റ്റർ കെ. സി. തോമസ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുവാനാണ് അണിയറ നീക്കമെങ്കിലും എതിർസ്ഥാനാർത്ഥി ഉണ്ടാകുമെന്നറിയുന്നു. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് പാസ്റ്റർ ഫിലിപ്പ് പി. തോമസിന് ശക്തനായ എതിരാളി ഉണ്ടാകും. മാത്രമല്ല പാസ്റ്റർ ഫിലിപ്പ് പി. തോമസ് ഏത് പക്ഷത്താണെന്ന് ഇതുവരെയും ഉറപ്പിക്കാനും ആയിട്ടില്ല.

സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്ക് ഇപ്പോഴത്തെ ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിലും പാസ്റ്റർ എം. പി. ജോർജ്ജുകുട്ടിയും തമ്മിൽ ആയിരിക്കും മത്സരം. ഇപ്രാവശ്യത്തെ ഇലക്ഷനിലെ ഏറ്റവും ശക്തമായ

05

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# പ്രതികൂലങ്ങളെ ഭയപ്പെടേണ്ട

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

സ്ഥാപനകാലം മുതൽ പ്രതികൂലത്തിന്റെ തീച്ചൂളയിലൂടെയാണ് സഭ പോയിട്ടുള്ളത്. ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവീൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നാണ് കർത്താവ് പറഞ്ഞത്. പോകുവീൻ ഞാൻ നിങ്ങളെ ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടിനെപ്പോലെ അയയ്ക്കുന്നുവെന്നും കർത്താവ് പറഞ്ഞിട്ടുണ്ട്. കടിച്ചുകീറുന്ന ചെന്നായുടെ മുമ്പിൽ കുഞ്ഞാടെന്നതുപോലെ സഭയെ ദൈവം ഈ ലോകത്തിൽ ആക്കിയിരിക്കുന്നു. ആദിമനൂറ്റാണ്ടിലെ സഭയുടെ ചരിത്രം മുതൽ ഇങ്ങോട്ട് നാം പഠിക്കുമ്പോൾ സഭയ്ക്ക് വളക്കൂറായത് രക്തസാക്ഷികളുടെ ജീവനാണ്. മാനുഷീകമായ നിലയിൽ തിരിച്ചടിക്കുവാനോ പോരാടുവാനോ ക്രിസ്തീയ സഭയ്ക്ക് കർത്താവ് അനുവാദം കൊടുത്തിട്ടില്ല. വാൾ ഉറയിലിടുവാനാണ് പത്രോസിനോട് യേശു പറഞ്ഞത്. ഇത് സഹനത്തിന്റെയും ത്യാഗത്തിന്റെയും മാർഗ്ഗമാണ്. നാം ഈ ഭൂമിയിൽ ജീവിച്ചിരിക്കണമോ എന്നത് ദൈവത്തിന്റെ ഹിതമാണ്. യാക്കോബിനെ കൊന്ന ഹെരോദാവ് പത്രോസിനെയും കൊല്ലുവാൻ ശ്രമിച്ചുവെങ്കിലും ദൈവം അതിനു അനുവദിച്ചില്ല. നമ്മെ ഏൽപ്പിക്കുന്ന ദൗത്യം പൂർണ്ണമായി നിർവ്വഹിക്കപ്പെടേണ്ട കാലത്തോളം അവൻ നമ്മെ സൂക്ഷിക്കും. ദൗത്യ നിർവ്വഹണം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ എങ്ങനെ മരിക്കുന്നു എന്നുള്ളതല്ല വിഷയം. പൗലോസിനെപ്പോലെ ഓട്ടം തികച്ചു എന്ന ബോധ്യത്തോടെയും സ്തെഫാനോസിനെപ്പോലെ എന്റെ പ്രാണനെ തിരുക്കരങ്ങളിൽ ഭരമേൽപ്പിക്കുന്നു എന്നു ഉറപ്പോടെയും ക്രിസ്തുവിന്റെ സന്നിധിയിലേക്ക് പോകുവാൻ കഴിയുന്നതാണ് ഭാഗ്യം. ഒരു ദൈവപൈതലിന് ഈ ലോകം അനുകൂലമല്ല. പ്രതികൂലങ്ങളും പ്രശ്നങ്ങളുമെല്ലാം അവനെ കാത്തിരിക്കുന്നു. പിശാചും സുവിശേഷവിരോധികളായ മനുഷ്യരുമൊക്കെ അവനെ എതിർക്കും. പോരാട്ടങ്ങൾ പല നിലകളിൽ കടന്നുവരും. അനുകൂലമായ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ സുവിശേഷത്തിന്റെ വ്യാപനത്തിനായി യത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടവർ അതിനു തുനിയാതെ ഇവിടെ മണിമാണികകളും തോട്ടങ്ങളും സമ്പത്തുമെല്ലാം നേടുവാൻ യത്നിക്കുന്നു. അങ്ങനെയുള്ളവരാണ് പ്രതികൂലസാഹചര്യങ്ങളെക്കുറിച്ച് കേൾക്കുമ്പോൾ ഭയന്നുവിറയ്ക്കുന്നത്. ഇന്ത്യയിൽ സുവിശേഷവിരോധികളുടെ ആക്രമണങ്ങളും ഭീഷണികളും വർദ്ധിക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഘർവാപസിപോലെയുള്ള പദ്ധതികളുമായി സുവിശേഷ വിരോധികൾ എത്തുമ്പോൾ നാം ഭയപ്പെടേണ്ടതുണ്ടോ. നമ്മുടെ കർത്താവ് അറിയാതെ ഒന്നും സംഭവിക്കുകയില്ല എന്ന ഉറപ്പുണ്ടെങ്കിൽ നാം എന്തിനു ഭയപ്പെടണം. ഭാരതത്തിലെ സഭയ്ക്ക് ഒരു പീഢാകാലം വരുന്നുവെന്ന് വിശ്വസിക്കുന്നവർ ധാരാളമാണ്. എന്നാൽ പീഢനങ്ങൾ ഒരിക്കലും സഭയെ ഇല്ലായ്മ ചെയ്തിട്ടില്ല. താല്കാലികമായ തളർച്ചകൾ കൊണ്ടുവരാൻ പീഢനങ്ങൾക്ക് കഴിഞ്ഞേക്കാം. സ്തെഫാനോസ് നിമിത്തമുണ്ടായ പീഢനിമിത്തം സഭ ചിതറിപ്പോയെങ്കിലും അവരെത്തിയ സ്ഥലങ്ങളിലെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടുകയും സഭ വളരുകയും ചെയ്തു. കർത്താവിനുവേണ്ടി കഷ്ടം സഹിക്കുവാൻ ഭാഗ്യം ലഭിച്ചതിൽ സന്തോഷിക്കുന്നവരായിരുന്നു ആദിമസഭയിലെ വിശ്വാസികളും ശുശ്രൂഷകരുമെന്ന് ദൈവവചനം പഠിക്കുമ്പോൾ കഴിയും. ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളികളാകുന്നതിൽ അവർ സന്തോഷിച്ചു. നമ്മെ എന്തിനുവേണ്ടി വിളിച്ചുവെന്നും നിയമിച്ചുവെന്നും നമ്മൾക്ക് ബോധ്യമുണ്ടെങ്കിൽ കഷ്ടങ്ങൾ സഹിക്കുവാനും നമുക്ക് കഴിയും. തെസ്സലോനിക്യർ ലേഖനത്തിൽ അതുതന്നെയാണ് പറയുന്നത്. അവൻ നമ്മിൽ പകർന്നിരിക്കുന്നത് ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല. സ്നേഹത്തിന്റെയും സുബോധത്തിന്റെയും ധൈര്യത്തിന്റെയും ആത്മാവിനെയാണ്.

യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ച് പറയുന്ന ശുശ്രൂഷകർ തുലോം കുറവാണ്. ഇവിടെ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചാണ് അവർ പഠിപ്പിക്കുന്നത്. ഇവിടെ ലഭിക്കുന്ന സ്ഥാനങ്ങൾ, ഉയർച്ചകൾ, വീടുകൾ, തോട്ടങ്ങൾ, ഉദ്യോഗങ്ങൾ, യാത്രകൾ ഒക്കെ അനുഗ്രഹമെന്ന നിലയിൽ അവർ പഠിപ്പിക്കുമ്പോൾ യഥാർത്ഥ ഭക്തന് ലോകം അനുകൂലമെല്ലായെന്ന യാഥാർത്ഥ്യം അവർ മറന്നു കളയുന്നു. ക്രിസ്തുവിന്റെ നാമം നിമിത്തം അപ്പനെയും അമ്മയെയും ഭവനത്തെയും ജീവനെയും നഷ്ടപ്പെട്ടവർ ധാരാളം. വിവിധ പീഢകളിലൂടെ ദൈവജനം കടന്നുപോകേണ്ടിവന്നിട്ടുണ്ട്. എരിയുന്ന തീച്ചൂളയും സിംഹക്കുഴിയും തിളച്ച എണ്ണയും വാളും കുന്തവും എല്ലാം അവർക്കെതിരെ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഓരോ പീഢകളും ദൈവസഭയുടെ വളർച്ചയ്ക്ക് മാത്രമേ ഉപകരിച്ചിട്ടുള്ളൂ. ദൈവജനം പ്രതികൂലങ്ങളെ ഭയപ്പെടേണ്ടതില്ല. നമ്മെ എതിർക്കുന്നവരെ സ്നേഹിക്കുവാനും അനുഗ്രഹിക്കുവാനും അവർക്കായി പ്രാർത്ഥിക്കുവാനുമാണ് കർത്താവ് നമ്മെ പഠിപ്പിച്ചത്. കാരണം അവൻ അതാണ് നമുക്ക് മാതൃകയായി കാണിച്ചു തന്നതും.

ധ്യാനം

# കളവു നടത്താനും കൂട്ടിനു ദൈവം!!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

"ദൈവമായ യഹോവ എന്റെ നേർക്ക് വരുത്തിതന്നു" എന്ന വേദപുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങളിൽ പ്രമുഖനായ യാക്കോബിന്റെ ഒരു പ്രസ്താവന ശ്രദ്ധേയമാണ് (ഉൽപ്പത്തി 27:20). കണ്ണ് മങ്ങിയെങ്കിലും കണ്ണടയുന്നതിനു മുൻപ് കാട്ടിറച്ചി തിന്നു അപ്പന് പ്രിയനായ ഏശാവിന് അനുഗ്രഹങ്ങൾ കൈമാറാൻ അവനെ വിളിച്ചു കാര്യങ്ങൾ അവതരിപ്പിച്ചു. അപ്പന്റെ മനസ്സിലിരിപ്പ് ഗ്രഹിച്ച അമ്മ ഏശാവിൽ നിന്നും തനിക്കു പ്രിയനായ യാക്കോബിലേക്ക് അനുഗ്രഹങ്ങൾ തിരിച്ചു വിടാൻ ഉപായങ്ങൾ ഉണ്ടാക്കിയെടുത്തു. (ഉപായിയായി അറിയപ്പെട്ട തന്റെ മകൻ യാക്കോബിനെ ഉപായത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചത് അവന്റെ അമ്മ തന്നെ ആയിരുന്നു). ചേട്ടൻ വേട്ട തേടി കാട്ടിൽ!! അപ്പൻ കണ്ണ് മങ്ങി കട്ടിലിൽ!! തട്ടിപ്പ് നടത്താൻ വീണു കിട്ടിയ സമയം ഒട്ടും വിട്ടുകളയാതെ അമ്മയുണ്ടാക്കിയ രുചിയുള്ള ഭോജനവുമായി യാക്കോബ് അപ്പന്റെ അരികിലെത്തി. എഴുന്നേറ്റു ഇരുന്ന എന്റെ വേട്ടയിറച്ചി തിന്നു എന്നെ അനുഗ്രഹിക്കേണമേ എന്നുള്ള അഭിനയക്കാരൻ യാക്കോബിന്റെ ആവശ്യപ്പെടലിൽ ഇത്രവേഗത്തിൽ നിനക്കിതു കിട്ടിയത് എങ്ങനെ എന്നായി കാഴ്ചയില്ലാത്ത തന്റെ അപ്പന്റെ ചോദ്യം. അപ്പനിൽ നിന്നും ഇങ്ങനെ ഒരു ചോദ്യമുണ്ടായാൽ തിരിച്ചു പറയേണ്ട മറുപടിയും താൻ പഠിച്ചു വച്ചിരുന്നതിനാൽ ശങ്കയില്ലാതെ തന്റെ അപ്പനോടായി പറഞ്ഞു– "നിന്റെ ദൈവമായ യഹോവ എന്റെ നേർക്ക് വരുത്തി"

യാക്കോബ് ആദ്യമായി ദൈവം എന്ന പദം ഉപയോഗിക്കുന്നത് തട്ടിപ്പ് നടത്താനായിരുന്നു. കണ്ണ് മങ്ങിയവനാണെങ്കിലും തന്റെ ജീവകാലമത്രയും അത്ഭുതങ്ങൾ ചെയ്തു വഴി നടത്തിയ ദൈവത്തെ യിസ്സഹാക്കിനു നല്ല പരിചയവുമാണ്. ദൈവമെന്നു കേട്ടതും അവനു രണ്ടാമതൊന്നാലോചിക്കേണ്ടി വന്നില്ല. താൻ നടത്തുന്ന കളവിന് ഒരു വിശുദ്ധ പരിവേഷം നൽകാൻ ദൈവത്തെ കൂട്ട് പിടിച്ചാൽ അപ്പനതിൽ സംശയമുണ്ടാകാനിടയില്ല എന്ന് ദൈവവുമായുള്ള അപ്പന്റെ അതിരുകടന്ന വിശ്വാസം ചൂഷണം ചെയ്യുന്ന ഒരു മകൻ!! അപ്പന്റെ മുന്നിൽ അമ്മയുടെ നിർദ്ദേശാനുസരണം അവതരിപ്പിച്ച കപട നാടകത്തിൽ ശ്രമകരമായ അധ്വാനത്തിലൂടെ മാത്രം ലഭിക്കുന്ന വേട്ടമൃഗത്തെ വളരെ വേഗത്തിൽ അനായാസമായി തന്റെ അടുക്കൽ എത്തിക്കുവാൻ കഴിവുള്ള അത്ഭുതങ്ങൾ സൃഷ്ടിക്കുന്നവനായി ദൈവത്തെ താൻ അവതരിപ്പിക്കുകയാണ്. ശൂന്യതയിൽ നിന്ന് സകലത്തെയും വിളിച്ചു വരുത്തുവാൻ കഴിയുന്ന അപ്പന്റെ ദൈവവിശ്വാസത്തെ മുതലാക്കി അനായാസം കവർച്ച നടത്തി അനുഗ്രഹാപഹരണം നടത്തുന്നവൻ ഒടുവിൽ കുടുങ്ങുമെന്നറിഞ്ഞപ്പോൾ കർത്താവിനെ കൂട്ടുപിടിച്ച് വിഷയം ആത്മീകമാക്കി!!! വീട്ടിലെ ആട്ടിൻകുട്ടിയെ കാട്ടിലെ വേട്ടമൃഗമാക്കി വൃദ്ധനായി കാഴ്ച മങ്ങി കിടക്കുന്ന അപ്പന്റെ മുൻപിൽ വിളമ്പിയിട്ട് കളവു മുതലിനെ ദൈവമൊരുക്കിയ നന്മയായി വ്യാഖ്യാനിക്കുന്ന കപട ആത്മീയത!!!

അസാധരണമായത് എന്തെങ്കിലുമൊക്കെ എവിടെയെങ്കിലും സംഭവിക്കുമ്പോൾ അതിന്റെ എല്ലാം കാരണം ദൈവത്താൽ സംഭവിക്കുന്നു എന്ന് വരുത്തി തീർത്ത് അതിമാനുഷരാകുന്ന ഉപായികൾ വർദ്ധിക്കുന്നു!! അനർഹമായതു പലതും അനധികൃതവഴികളിലൂടെ അപഹരിച്ച് പെട്ടെന്ന് സമൃദ്ധി നേടിയിട്ടു ഒടുവിൽ അതിനെ ദൈവം തന്ന നന്മയായി വ്യാഖ്യാനിക്കുന്ന ദുരവസ്ഥ!! നമുക്ക് ദൈവത്തോടുള്ള ഭക്തിയെ തൊട്ടുണർത്തുന്ന പദങ്ങൾ ആണ് പലപ്പോഴും ഈ സാത്താന്യ ഉപായത്തിനായി പ്രയോഗിക്കപ്പെടുന്നത്. അഭിഷേകം, കൃപ, വിടുതൽ, രോഗശാന്തി, ഭൂതശാന്തി തുടങ്ങിയുള്ള പ്രയോഗങ്ങൾ എവിടെയെങ്കിലും കേട്ടാൽ നാം പിന്നെ അതിന്റെ പിന്നാലെ പായുകയാണ്. എന്തുകൊണ്ടെന്നാൽ ഇതിന്റെയെല്ലാം പിന്നിൽ വ്യാപരിക്കുന്നത് ദൈവമാണെന്നാണ് പ്രചരിപ്പിക്കുന്നത്. കേൾക്കുന്നതെല്ലാം സത്യമാണോ എന്ന് വചനത്തിൽ പരിശോധന നടത്താൻ അവർക്ക് കഴിയുന്നില്ല; കാരണം ഈ ലോകത്തിന്റെ പ്രഭു അവരുടെ അകകണ്ണുകളെ കുരുടാക്കിയത് നിമിത്തം കാഴ്ച മങ്ങിയിരിക്കുന്നു. പ്രഥമ ദൃഷ്ടിയിൽ ദൈവീകമാണെന്ന് നമുക്ക് തോന്നുമെങ്കിലും അതിന്റെ പിന്നിലെ സാത്താന്യ ഉപായങ്ങൾ പെട്ടെന്ന് നമുക്ക് ഗ്രഹിക്കാവതല്ല. "ദൈവം ചെയ്തു" എന്നുള്ള പ്രസ്താവന കേൾക്കുമ്പോൾ നമ്മിൽ ഉണ്ടാകുന്ന വൈകാരികത മുതലാക്കി അപ്പന്റെ മുതലെല്ലാം കൈകലാകുന്ന അഭിനവ യാക്കോബും അവഹേളിക്കുകയാണ് എന്നതാണ് വാസ്തവം.

നമ്മെ അമ്പരിപ്പിക്കുന്ന അത്ഭുതങ്ങളുടെ പരമ്പരകൾ പ്രസിദ്ധപ്പെടുത്തി ദൈവം ചെയ്യാത്ത കാര്യങ്ങൾ ദൈവത്തിന്റെ പേരിൽ അവതരിപ്പിച്ചു ജനത്തെ വഞ്ചിക്കുകയും ദൈവ വചനത്തെ ധിക്കരിക്കുകയും ചെയ്തുകൊണ്ട് അധികനാൾ തുടരാനാവില്ല!! വേട്ടമൃഗം വേഗത്തിൽ കിട്ടുന്നത് അസംഭവ്യമാണെങ്കിലും ദൈവത്തിനു ഒരു കാര്യവും അസാധ്യമല്ല എന്ന വിശ്വാസമാണ് ഇവിടെ വിറ്റഴിക്കപ്പെടുന്നത്. എല്ലാ അത്ഭുതങ്ങളും ദൈവികമല്ല!! എല്ലാ വിടുതലുകളും ദൈവത്തിൽ നിന്നുള്ളതല്ല!! എല്ലാ സമൃദ്ധിയും ദൈവീകമാകണമെന്നുമില്ല!! ഉപായങ്ങൾ പറഞ്ഞു തരാനും തന്ത്രങ്ങൾ തരപ്പെടുത്താനും തട്ടിപ്പിനായി വേണ്ടുന്നതെല്ലാം ഒരുക്കി തന്നു പിന്തുണ നൽകാനും ചിലപ്പോൾ വേണ്ടപ്പെട്ടവർ തന്നെ കണ്ടെന്നു വരാം. എന്നാൽ എന്റെ നാമം വൃഥാ എടുക്കരുത് എന്നിരിക്കെ ദൈവത്തിന്റെ നാമത്തെ കച്ചവടച്ചരക്കാക്കുന്ന നവപ്രവണതകളിലൂടെ നാം വലിയ അപകടങ്ങളിലെക്കാണ് യാത്ര ചെയ്യുന്നത്. "ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ

11

## എനിയ്ക്കും പറയാനുണ്ട്...

# കുമ്പനാട് കൺവൻഷൻ രണ്ടാം ഭാഗം



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കുമ്പനാട് കൺവൻഷനെക്കുറിച്ചുള്ള ഓർമ്മകളാണ് കഴിഞ്ഞ ലക്കത്തിൽ ഞാൻ പങ്കിട്ടത്. ഈ ലക്കത്തിലും കുമ്പനാട് കൺവൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറയുവാനുള്ളത്. എന്നെ ആകർഷിച്ച പ്രസംഗകരെക്കുറിച്ച് ഞാൻ പ്രതിപാദിച്ചു. അതുകൊണ്ട് അവർ മാത്രമല്ല എന്റെ ഇഷ്ടപ്രസംഗകർ. ഒരു കാലത്ത് എനിക്ക് ഇഷ്ടമുള്ള പ്രസംഗകനായിരുന്നു പാസ്റ്റർ കെ. ജോയി. എന്നാൽ കുമ്പനാട് കൺവൻഷനിൽ മാത്രമല്ല ഒരു സീസൺ മുഴുവൻ ഇദ്ദേഹം നടത്തിയ ഒരു പ്രസംഗം എന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന് അകറ്റി (ഒരു പ്രസംഗം കൊണ്ട് ഒരു സീസൺ മുഴുവൻ കാലം പോക്കുന്നവരാണ് പ്രസിദ്ധരായ മിക്ക പ്രസംഗകരും. ലോക്കൽ, സെന്റർ കൺവൻഷനുകളിൽ വിളമ്പിയതുതന്നെ വള്ളിപുള്ളി വിടാതെ കുമ്പനാട്ടും വിളമ്പുന്നവരാണ് പ്രസംഗകരിൽ പലരും. ഇതിന് അപവാദമായി ചിലരുണ്ട് എന്നത് അംഗീകരിക്കുന്നു). ഉപദേശിമാരുടെ ഭാര്യമാരെ എഴുന്നേൽപ്പിച്ചു നിർത്തി കള്ളന് കഞ്ഞിവെക്കുന്നവരാണ് ഇവരെന്ന് പറഞ്ഞ് സമൂഹമദ്ധ്യേ അധിക്ഷേപിച്ച ഇദ്ദേഹത്തെ അംഗീകരിക്കുവാൻ പിന്നീട് എന്റെ മനസ്സിന് കഴിഞ്ഞിട്ടില്ല. ഉത്തരഭാരതത്തിലെ ഇദ്ദേഹത്തിന്റെ സേവനം മറക്കുവാനും പറ്റില്ല.

സ്റ്റേജിൽ കയറുമ്പോൾ ജനത്തിന്റെ പൾസ് അറിഞ്ഞ് സഭാരാഷ്ട്രീയത്തിനെതിരെയും മറ്റും പ്രസംഗിച്ച് കൈയടി നേടുന്നവരുണ്ട്. എന്നാൽ അണിയറയിൽ ഇവർ അതിലും വലിയ രാഷ്ട്രീയക്കളികളാണ് നടത്താറുള്ളത്. സഭയുടെ പൊതുവായ പ്രശ്നങ്ങളിൽ ഇടപെടുകയോ ഒന്നും ചെയ്യാതെ ചില പ്രതിപക്ഷ കക്ഷികളെപ്പോലെയാണ് ഇവരുടെ പെരുമാറ്റം. കൈയടി നേടുവാനും തങ്ങൾ വിശുദ്ധരാണെന്ന് വരുത്തുവാനുമുള്ള ശ്രമത്തിലൂടെ ഇമേജ് കാത്തുസൂക്ഷിക്കുന്ന ഇക്കൂട്ടരോട് അറിഞ്ഞോ അറിയാതെയോ ഒരു പുച്ഛമാണെനിക്കു തോന്നിയിട്ടുള്ളത്. അശുദ്ധിക്കെതിരെയും അനീതിക്കെതിരെയും അഴിമതിക്കെതിരെയും എല്ലാം വാചക കസർത്തിലൂടെ ജനത്തിന്റെ കൈയടി നേടുന്ന ഇവർ ഈ ശുശ്രൂഷയിലൂടെ നേടിയിട്ടുള്ളത് കോടിക്കണക്കിനു രൂപയാണ്. എന്റെ നിരീക്ഷണത്തിലും പഠനത്തിലും ജനപ്രീയ പ്രസംഗകരിൽ ബഹുഭൂരിപക്ഷവും അറുത്ത കൈക്ക് ഉപ്പിടാത്തവരും സഹപ്രവർത്തകർക്ക് ഉപകാരം ചെയ്യാത്തവരുമൊക്കെയാണ്.

ജനപ്രീയപ്രസംഗകനായ പാസ്റ്റർ ബാബു ചെറിയാന്റെ പ്രസംഗം എനിക്കും വളരെ ഇഷ്ടമാണ്. വളരെ സിമ്പിൾ ആയി വിഷയങ്ങളവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ ശൈലി എന്നെ ആകർഷിച്ചു. ഈ അടുത്തകാലത്ത് ഒരു മാധ്യമത്തിൽ സഭാനേതൃത്വത്തിനെതിരെ ആഞ്ഞടിച്ചിരുന്നു. എന്നെ കോരിത്തരിപ്പിച്ച ലേഖനമായിരുന്നു അത്. കുമ്പനാട് കൺവൻഷൻ സ്റ്റേജിൽ അതാവർത്തിക്കുമോ എന്നറിയുവാൻ ഒരു ആകാംഷയുണ്ട്. അതിനായി കാത്തിരിക്കുന്നു.

91-ാമത് ജനറൽ കൺവൻഷന്റെ തുടക്കം ഗംഭീരം ആയിരിക്കുന്നു. ബഹുമാന്യനായ പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച കൺവൻഷനിൽ പാസ്റ്റർ കെ. സി. ജോൺ അദ്ധ്യക്ഷത വഹിച്ചു. യോഗം നിയന്ത്രിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. സ്വാഗതപ്രസംഗകനായെത്തിയ പാസ്റ്റർ സാം ജോർജ്ജിന്റെ അവതരണശൈലിയും നന്നായിരുന്നു. ആക്ടിംഗ് ജനറൽ സെക്രട്ടറിയെന്ന നിലയിൽ പാസ്റ്റർ സാം ജോർജ് വിജയിച്ചു എന്നാണ് എന്റെ അഭിപ്രായം. ജനറൽ ഐ. പി. സി. അഡ്മിനിസ്ട്രേഷനിൽ കാതലായ ഒരു മാറ്റം പ്രകടമാണ്. അത് പാസ്റ്റർ സാം ജോർജിന്റെ അനുഭവസമ്പത്തുകൊണ്ടാണ് എന്നാണ് എന്റെ അഭിപ്രായം.

ഒരു കാലത്ത് കുമ്പനാട് കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് ആഹാരം കിട്ടുക എന്നത് വലിയ പ്രശ്നമായിരുന്നു. മലബാർ ഗോസ്പൽ മെസഞ്ചറിലെ സി. എം. ശമുവേൽ പാസ്റ്ററും ഉമ്മച്ചായന്റെ ഗുഡ് സമരിറ്റൻ മിനിസ്ട്രിയുടെയുമൊക്കെ ചുമതലയിൽ കൺവൻഷനു പങ്കെടുക്കുന്നവർക്ക് ആഹാരം നൽകിയിരുന്നു. അന്ന് പലരും ഭക്ഷണം ലഭിക്കാതെ അലയുന്നത് കണ്ടിട്ടുണ്ട്. എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. കഴിഞ്ഞ കുറെവർഷങ്ങളായി കുമ്പനാട്ട് വിഭവസമൃദ്ധമായ ആഹാരമാണ് നൽകുന്നത്. ഇക്കുറി വളരെ മെച്ചപ്പെട്ട രീതിയിലാണ് ആഹാരക്രമീകരണം എന്നത് പറയാതിരിക്കാൻ വയ്യ. സ്ഥലഞെരുക്കത്താൽ വലഞ്ഞിരുന്ന സാഹചര്യത്തിൽ നിന്ന് വിശാലമായ നിലയിലേക്ക് കാര്യങ്ങൾ വന്നിരിക്കുന്നു. രണ്ട് ഏക്കറിലധികം സ്ഥലം ഐ. പി. സി.യ്ക്കുവേണ്ടി വാങ്ങുവാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞത് അഭിനന്ദനാർഹമാണ്. പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ ബേബി വർഗീസ്, പാസ്റ്റർ സാം ജോർജ്ജ്, ബ്രദർ ജോൺ ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള ഭരണസമിതി ഐ. പി. സി.യെ നയിക്കുന്നതിൽ വിജയിച്ചിരിക്കുന്നു.

എനിക്കും പറയാനുണ്ട്. കൺവൻഷൻ തീമിനുള്ളിൽ നിന്ന് പ്രസംഗിക്കുവാൻ പ്രാപ്തിയില്ലാതെ അലയുന്ന പ്രസംഗകരെയും രാഷ്ട്രീയക്കാരെയും മൈക്കിന്റെ മുമ്പിൽ നിന്ന് വരും വർഷങ്ങളിൽ ഒഴിവാക്കിയാൽ ഭംഗിയാകും. പ്രസംഗിക്കുവാൻ അറിയാവുന്നവരുടെ സമയം അനൗൺസ്മെന്റിനും മറ്റും ഉപയോഗിച്ച് ജനത്തെ വധിക്കുന്നതും നിർത്തലാക്കിയാൽ ബഹുകേമം.

# കുമ്പനാട് കൺവൻഷൻ വിശേഷങ്ങൾ



ഉദ്ഘാടന ദിവസം പ്രധാനപ്രസംഗകനായിരുന്ന പാസ്റ്റർ റ്റി. ഡി. ബാബു കൈയടി നേടി. ചരിത്രത്തിലെ ക്രിസ്തു എന്ന തീമിനുള്ളിൽ നിൽക്കാതെ ക്രിസ്തുവിന്റെ ധാർമ്മികതയെപ്പറ്റി പ്രസംഗിച്ച് കൈയടി നേടി. നല്ല പ്രസംഗം. ജീവകാരുണ്യ പ്രവർത്തനം നടത്തിയിട്ട് പത്രങ്ങളിൽ പബ്ലിസിറ്റി കൊടുക്കുന്നവർക്കിട്ട് തന്റെ കുത്ത് ജനത്തിന് സുഖിച്ചു. തയ്യൽ മെഷീൻ കൊടുത്തിട്ട് നാലു പത്രങ്ങളിൽ അതിന്റെ പരസ്യം കൊടുക്കുന്നവർ ആ പണം കൂടെ നാലു മെഷീൻ മേടിച്ചു കൊടുക്കുവാൻ ഉപയോഗിക്കാമായിരുന്നു എന്ന തന്റെ കമന്റ് ബഹുകേമമായിരുന്നു. അദ്ദേഹം മറന്നുപോയൊരു കാര്യം പറയാതെ വയ്യ. താൻ പ്രസംഗകനാകുന്ന സുവിശേഷ മീറ്റിംഗുകളുടെ പരസ്യങ്ങൾ ധാരാളം പത്രങ്ങളിൽ വരാറുണ്ട്. അതിന്റെ സംഘാടകരോട് ഇതേ നിലയിൽ പരസ്യത്തിന്റെ പണം മറ്റൊരു യോഗത്തിന് ഉപയോഗിക്കാം എന്നു പറയുവാനുള്ള ആർജ്ജവം കൂടി റ്റി. ഡി. ബാബു പാസ്റ്റർ കാണിച്ചാൽ തന്റെ പ്രസംഗത്തിന് ഫുൾ മാർക്ക് കിട്ടിയേനേ.

* * * * * *

കൺവൻഷൻ ഗാനങ്ങളുടെ സിഡിയിൽ നിന്ന് ലഭിക്കുന്ന പണം ചാരിറ്റി വർക്കിനുവേണ്ടി ചിലവഴിക്കുവാനുള്ള ബ്രദർ സജി പോളിന്റെ ഉദ്യമം അഭിനന്ദനാർഹം. സിഡിയിലെ ഗാനങ്ങൾ മെച്ചമെന്ന് പറയാതെ വയ്യ.

* * * * * *

ഇക്കുറി പന്തൽ, സ്റ്റേജ്, ശബ്ദവും വെളിച്ചവും എല്ലാം മെച്ചമായിരിക്കുന്നു.

* * * * * *

ഈ വർഷത്തെ കൺവൻഷൻ ഭക്ഷണക്രമീകരണത്തിനാണ് മുഴുവൻ മാർക്ക്. രജിസ്ട്രേഷൻ കൂടാതെ തന്നെ എല്ലാവർക്കും വിഭവസമൃദ്ധമായ ആഹാരം നൽകുന്നതിൽ സംഘാടകർ വിജയിച്ചു. പാസ്റ്റർ ബേബി വർഗീസ് കൺവീനറായുള്ള കമ്മറ്റിയാണ് ഇക്കുറി ഭക്ഷണം ക്രമീകരിച്ചത്. അതിനുവേണ്ടി അത്യദ്ധ്വാനം ചെയ്ത പാസ്റ്റർ മോനി ചെന്നിത്തലയെ അഭിനന്ദിക്കാതെ വയ്യ.

* * * * * *

തീം നൽകിയുള്ള പ്രസംഗം ഇക്കുറിയും അമ്പേ പരാജയം തന്നെയാണ്. വിഷയങ്ങളിൽ മാത്രം ഒതുങ്ങി നിന്ന് പ്രസംഗിക്കുക ദുഷ്കരമാണ്. ജനത്തിന്റെ കൈയടി നേടുവാനും ജനത്തെ ഇളക്കുവാനും ഉള്ള പൊടിക്കൈകൾ ഇടയ്ക്കിടയ്ക്കിട്ട് പ്രസംഗകർ തങ്ങൾ വിജയിച്ചു എന്ന് വരുത്തി തീർക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഐ. പി. സി. ജനറൽ കൺവൻഷനിൽ നിന്ന് ഈ തീം പ്രസംഗം അവസാനിപ്പിക്കുന്നതാണ് പ്രസംഗകർക്കും ജനത്തിനും ഒരുപോലെ നല്ലത്.

* * * * * *

പുസ്തകം, സി. ഡി. പ്രകാശനം സ്റ്റേജിൽ നിന്ന് ഒഴിവാക്കിയത് നന്നായി. എന്നാൽ അതിനു പകരം ആശംസയും അനൗൺസ്മെന്റുമൊക്കെയായി പ്രസംഗത്തിന്റെ സമയം അപഹരിച്ചത് നന്നായില്ല.

ജനപങ്കാളിത്തം കൊണ്ട് മുൻവർഷങ്ങളെക്കാൾ കുമ്പനാട് കൺവൻഷൻ മെച്ചപ്പെട്ടിരിക്കുന്നു. ഉദ്ഘാടനദിവസം മുതൽ തന്നെ ജനം കടന്നുവന്നത് വേറിട്ട അനുഭവമായി. പതിവിൽ നിന്ന് വിപരീതമായി തിങ്കൾ, ചൊവ്വ ദിവസങ്ങളിലെല്ലാം ജനപങ്കാളിത്തം വർദ്ധിച്ചിരുന്നു.

## എന്റെ ഓർമ്മകൾ

### ബാബു കൊടുന്തറ, ഡാളസ്



ആറ് പതിറ്റാണ്ടുകൾക്കപ്പുറത്തേക്ക് നീളുന്നതാണ് കുമ്പനാട് കൺവൻഷനുമായുള്ള എന്റെ ബന്ധം. പെന്തെക്കോസ്ത് ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ കുടുംബത്തിൽ ജനിച്ച എനിക്ക് കുമ്പനാട് കൺവൻഷൻ എന്നും ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മകളുടെ ഇടം കൂടിയാണ്. കുഞ്ഞുങ്ങളോട് വളരെ സ്നേഹത്തോടെ ഇടപെടുന്ന സാറപ്പച്ചൻ എന്റെ ബാല്യകാല ഓർമ്മകളുടെ ഭാഗമാണ്. കുമ്പനാട് സെന്ററിലുള്ള വിശ്വാസികളും ശുശ്രൂഷകരുമെല്ലാം ഒത്തുചേർന്ന് പന്തലിന്റെ തൂണുകൾ നാട്ടുന്നതും ഓല മേയുന്നതുമെല്ലാം ഇന്നെന്നപോലെ എന്റെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുകയാണ്. യൗവ്വന ഓർമ്മകളിൽ നിറഞ്ഞുനിൽക്കുന്നത് കുമ്പനാട് കൺവൻഷനിൽ ഉയർന്നുകേട്ട സുവിശേഷ പ്രസംഗങ്ങളാണ്. സാറപ്പച്ചൻ, റ്റി. ജി. ഉമ്മച്ചൻ, പി. എം. ഫിലിപ്പ് തുടങ്ങിയ പിതാക്കന്മാരുടെ ഉജ്വലപ്രസംഗങ്ങൾ ഇന്നും എന്നെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നു. അച്ചടക്കമുള്ള ശുഭ്രവസ്ത്രധാരികളായ ജനക്കൂട്ടം, ആത്മനിറവിലുള്ള ആരാധന, പ്രാർത്ഥനയ്ക്കും വചനത്തിനും പ്രാധാന്യം കൊടുക്കുന്ന ശുശ്രൂഷകർ, അത്ഭുത രോഗസൗഖ്യങ്ങൾ, കാത്തിരിപ്പ് യോഗങ്ങൾ ഇങ്ങനെ എത്രയോ സന്തോഷകരമായ അനുഭവങ്ങളാണ് കുമ്പനാട് കൺവൻഷനിൽ സംഭവിച്ചുകൊണ്ടിരുന്നത്. ജീവിതത്തെ ആത്മീയ അനുഭവത്തിൽ മുന്നേറുന്നതിന് സഹായിച്ചതിൽ കുമ്പനാട് കൺവൻഷന്റെ പങ്ക് എനിക്ക് വിസ്മരിക്കാവുന്നതല്ല. 91 വർഷങ്ങൾ പിന്നിടുമ്പോൾ ദൈവം നമ്മെ വളരെ അനുഗ്രഹിച്ചിരിക്കുന്നു. കുമ്പനാട് കൺവൻഷനുവേണ്ടിയുള്ള സംവിധാനങ്ങളും ഒരുക്കങ്ങളുമെല്ലാം എത്രയോ പുരോഗമിച്ചിരിക്കുന്നു. പിതാക്കന്മാരുടെ ദർശനമാണ് ഇതിനെല്ലാം നിദാനമായി ഭവിച്ചത് എന്നു ഞാൻ കരുതുന്നു. ഭാരതസുവിശേഷീകരണത്തിൽ ശക്തമായി മുന്നേറുവാൻ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയെ സർവ്വശക്തൻ സഹായിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. 91-ാമത് ഐ. പി. സി. ജനറൽ കൺവൻഷന് എല്ലാവിധ ആശംസകളും.

# പുസ്തക പ്രകാശനം



പാസ്റ്റർ രാജൂ ആനിക്കാട് രചിച്ച വിധിയും വിചാരണയും എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ഹെബ്രോൻപുരത്ത് റവ. വത്സൻ ഏബ്രഹാം നിർവ്വഹിക്കുന്നു. ആദ്യകോപ്പി ഏറ്റുവാങ്ങുന്നത് ബ്രദർ സണ്ണി മുളമൂട്ടിൽ. സുനിൽ വേട്ടമല, സാബു ചാപ്രത്ത്, ജെയ്സ് പാണ്ടനാട്, കെ. റ്റി. ജോഷ്വാ, രാജൂ ആനിക്കാട്, സാംകുട്ടി മാത്യു, എം. പി. ജോർജ്ജുകുട്ടി, ബിനു ചെറിയാൻ, മാത്യു പാലത്തിങ്കൽ തുടങ്ങിയവർ സമീപം

ചോദ്യോത്തര വേദി

# യേശുവിനെ വിശ്വസിച്ചാൽ പോരെ, മാനസാന്തരപ്പെട്ട ജീവിതം നയിക്കണോ?



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** 'സാൽവേഷൻ ആർമി'യുടെ സ്ഥാപകനായ വില്ല്യം ബൂത്ത് 19-ാം നൂറ്റാണ്ടിൽ ഇപ്രകാരമെഴുതി: ക്രിസ്തീയ സമൂഹത്തിന് വരാൻ പോകുന്ന വലിയ അപകടം പുറമെ നിന്നല്ല, മറിച്ച് **സത്യത്തിന്റെ ആത്മാവില്ലാത്ത** ക്രിസ്തീയ കൂട്ടായ്മകളും, നരകമില്ലാത്ത സ്വർഗ്ഗവും, മാനസാന്തരമില്ലാത്ത വിശ്വാസവും, യേശുവിന്റെ കർത്തൃത്വമില്ലാത്ത ആത്മരക്ഷയും, ക്രിസ്തുവില്ലാത്ത ക്രിസ്തീയതയും ആണെന്നാണ്. അദ്ദേഹം പ്രവചിച്ചതുപോലെതന്നെ, ഇന്ന് മാനസാന്തരമോ മാനസാന്തരപ്പെട്ട ജീവിതമോ ആരും പ്രസംഗിക്കാറില്ല. ക്രിസ്തുവിനെ വിശ്വസിച്ചാലുണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചാണ് പറയുന്നത്. മാനസാന്തരപ്പെട്ട ജീവിതത്തെക്കുറിച്ച് ബൈബിൾ പറയുന്നത് വിശദീകരിക്കുമോ? **- വിജി, വടവാതൂർ**

**ഉത്തരം:** മാനസാന്തരം എന്നു പറഞ്ഞാൽ **മനസ്സിനുള്ള മാറ്റം** എന്നാണ്. അതായത് ഒരുവന് മനസ്സിന് മാറ്റം ഉണ്ടായാൽ മാത്രമേ അതുവരെ ചിന്തിച്ചതിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കാൻ സാധിക്കുകയുള്ളൂ. വ്യത്യസ്തമായും സ്വതന്ത്രമായും ചിന്തിച്ചാൽ മാത്രമേ വചനത്തിലുള്ള സത്യദൈവത്തെ അന്വേഷിക്കയുള്ളൂ. സത്യദൈവത്തിന്റെ നീതിയെക്കുറിച്ചും, സത്യദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചും സത്യദൈവം കണക്കിടുന്ന പാപങ്ങൾ എന്തൊക്കെയാണെന്നും **മനസ്സിന് മാറ്റം** ഉണ്ടായെങ്കിൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മനുഷ്യന് മാത്രമേ മാനസാന്തരപ്പെട്ട ജീവിതം നയിക്കുവാൻ സാധിക്കുകയുള്ളൂ. പക്ഷികൾക്കും മൃഗങ്ങൾക്കും ചില മനുഷ്യരെപ്പോലെ അടിമത്വത്തിലും ഭയത്തിലും ജീവിക്കാൻ സാധിക്കുമെങ്കിലും മാനസാന്തരപ്പെട്ട ജീവിതം നയിക്കാൻ സാധ്യമല്ല. മാനസാന്തരം ഇല്ലാത്തവർ സ്വന്തം കുറ്റം കണ്ടുപിടിക്കാതെ മറ്റുള്ളവരുടെ പോരായ്മകൾ കണ്ടുപിടിക്കുന്നതിൽ മിടുക്കരായിരിക്കും. താഴെപ്പറയുന്ന വചനങ്ങൾ ശ്രദ്ധിക്കുക.

1) യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചത് 'മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുവാനാണ്' (മത്തായി 3:8).

2) യേശു തന്റെ ശുശ്രൂഷാകാലത്തു പ്രസംഗിച്ചത് 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നതിനാൽ മാനസാന്തരപ്പെടുവീൻ' എന്നാണ് (മത്തായി 4:17).

3) യേശുവിന്റെ ശുശ്രൂഷാകാലത്ത് 12 അപ്പൊസ്തലന്മാരും പ്രസംഗിച്ചത്, 'അവർ പുറപ്പെട്ട് ജനങ്ങൾ മാനസാന്തരപ്പെടണം എന്ന് പ്രസംഗിച്ചു' (മർക്കോസ് 6:12).

4) അപ്പൊസ്തലന്മാർ യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം 3000 യെഹൂദന്മാരോട് പ്രസംഗിച്ചത് 'നിങ്ങൾ മാനസാന്തരപ്പെടണം' എന്നാണ് (അപ്പൊ. പ്രവ. 2:38; 3:19)

5) പൗലോസ് പ്രസംഗിച്ചത്, 'എല്ലാവരും ദൈവത്തിങ്കലേക്ക് തിരിഞ്ഞ് മാനസാന്തരത്തിന് യോഗ്യമായ പ്രവർത്തികൾ ചെയ്യണം എന്ന് പ്രസംഗിച്ചു' (അപ്പൊ. പ്രവ. 26:20).

ഒരു വ്യക്തി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം അറിയുകയും സ്വർഗ്ഗത്തിലുള്ള ദൂതന്മാർ സന്തോഷിക്കയും ചെയ്യുന്നു (ലൂക്കോസ് 15:10). ക്രിസ്തീയ ഉപദേശത്തിന്റെ അടിസ്ഥാനം മാനസാന്തരമാണ് (എബ്രായർ 6:1). ആദിമ വിശ്വാസികൾ സന്തോഷിക്കാൻ കാരണം ജാതികൾ മാനസാന്തരപ്പെട്ടു എന്നു കേട്ടപ്പോഴാണ് (അപ്പൊ. പ്രവ. 11:18). യേശു വീണ്ടും വരാൻ താമസിക്കുന്നത് ജനങ്ങൾ മാനസാന്തരപ്പെടുവാൻ വേണ്ടിയാണ് (2 പത്രോസ് 3:9). **മാനസാന്തരം കർത്താവിന്റെ കല്പനയാണ് (അപ്പൊ. പ്രവ. 17:30).**

കർത്താവിനോടുള്ള ആദ്യ സ്നേഹത്തിൽ കുറവു വന്നപ്പോൾ ആത്മാവിന്റെ ദൂത് വിശ്വാസികൾ മാനസാന്തരപ്പെടേണം എന്നായിരുന്നു (വെളിപ്പാട് 2:16; 3:3; 3:19). മാനസാന്തരപ്പെട്ട ജീവിതം മരണം വരെ കാത്തുസൂക്ഷിക്കേണ്ട ഒരു പ്രക്രീയയാണ്. ദിവസവും മനസ്സ് പുതുക്കേണ്ടതാണ് (റോമർ 12:2). അതുകൊണ്ടാണ് മാനസാന്തരത്തിന് യോഗ്യമായ പ്രവർത്തികൾ ഇല്ലാത്ത വിശ്വാസം ജീവനില്ലാത്തതാണെന്ന് യാക്കോബ് എഴുതിയത് (യാക്കോബ് 2:26). അതുകൊണ്ടാണ്, നിത്യജീവിതത്തിൽ അനുസരിക്കേണ്ട കർത്താവിന്റെ കല്പനകൾ അനുസരിക്കാത്തവൻ 'കള്ളനാകുന്നു, സത്യം അവനിലില്ല' എന്ന് യോഹന്നാൻ അപ്പൊസ്തലൻ എഴുതിയിരിക്കുന്നത് (1 യോഹ. 2:4).

**അടിക്കുറിപ്പ്:** 'ബർണാഡ് ഷാ' ലോകപ്രശസ്തനായ തത്വചിന്തകനും എഴുത്തുകാരനുമായിരുന്നു. അദ്ദേഹം ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. 7/1/2015 മലയാള മനോരമ പത്രത്തിലെ എഡിറ്റോറിയലിന് താഴെ ബർണാഡ് ഷായുടെതായി ഒരു വാചകം പത്രം പ്രസിദ്ധീകരിച്ചിരുന്നു. അതിപ്രകാരമാണ്: 'സ്വന്തം മനസ്സു മാറ്റാൻ കഴിയാത്തവർക്ക് മറ്റൊന്നിലും മാറ്റം വരുത്താനാകില്ല'.

ഈ എഴുത്തുകാരന് പരിചയമുള്ളൊരു നമ്പൂതിരി യുവാവ് ഒരു നല്ല മനുഷ്യസ്നേഹിയാണ്. പരിചയപ്പെടുന്നവരെയെല്ലാം സഹായിക്കുന്ന പ്രകൃതക്കാരനുമാണ്. പക്ഷെ നിരീശ്വരവാദിയാണ്. നമ്പൂതിരി യുവാവിന്റെ ഈ അടിസ്ഥാന സ്വഭാവത്തിന് പിന്നിൽ ദൈവവചനമോ ദൈവാത്മാവോ ഇല്ല. ഈ മനുഷ്യസ്നേഹത്തിന് പിന്നിൽ മാനസാന്തരനുഭവവുമില്ല. കർത്താവിന്റെ രാജ്യത്തേക്കുള്ള അടിസ്ഥാന യോഗ്യതയുമല്ല. കൊർന്നല്ല്യോസ് യേശുവിനെ വിശ്വസിക്കുന്നതിന് മുമ്പ് ധാരാളം ധർമ്മം കൊടുക്കുന്നവനും പ്രാർത്ഥിക്കുന്നവനും ആയിരുന്നു (അപ്പൊ. പ്രവ. 10:2).

ഈ എഴുത്തുകാരനറിയാവുന്ന വേറൊരു ശുശ്രൂഷകൻ മൂന്നുവർഷം ബൈബിൾ കോളേജിൽ പഠിച്ചതാണ്. വെള്ള വസ്ത്രത്തിൽ വളരെ വൃത്തിയായിട്ടാണ് എപ്പോഴും നടക്കുന്നത്. ബൈബിളും എപ്പോഴും ബാഗിൽ കാണും. എന്നാൽ പരിചയപ്പെടുന്ന എല്ലാവരെയും അയാൾ വഞ്ചിച്ചിരിക്കും. തന്റെ ക്രിമിനൽ സ്വഭാവം മറച്ചുവെച്ച് വിശുദ്ധനായി വിലസുന്ന ഇയാൾ മാനസാന്തരപ്പെട്ടവനാണോ? അല്ലേ അല്ല. "യേശു സത്യദൈവവും നിത്യജീവനും എന്ന് നീ വിശ്വസിക്കുന്നുവോ? കൊള്ളാം; പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. **വ്യർത്ഥമനുഷ്യാ, പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമെന്നു ഗ്രഹിക്കുവാൻ നിനക്കു മനസ്സുണ്ടോ?" (യാക്കോബ് 2:19,20 സ്വതന്ത്രപരിഭാഷ).**

## ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ 2015 ഫെബ്രുവരി 12 മുതൽ 15 ഞായർ വരെ നടക്കും. സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഡോ. അലക്സാണ്ടർ ഫിലിപ്പ്, ഡോ.ജെയ്സൺ തോമസ്, പാസ്റ്റർ അജി ആന്റണി, ഡോ. ബി. വർഗ്ഗീസ്, പാസ്റ്റർ പി.സി.ചെറിയാൻ, പാസ്റ്റർ കെ.ജെ. മാത്യു, പാസ്റ്റർ വി.സി. യോഹന്നാൻ എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി റവ. തോമസ് ഫിലിപ്പ് ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഡോ.ജെയ്സൺ തോമസ്, പാസ്റ്റർ വി.സി.യോഹന്നാൻ (പ്രോഗ്രാം), പാസ്റ്റർമാരായ പി.റ്റി.മാത്യു, കെ.സി.പീറ്റർ (പ്രാർത്ഥന), ഷാജി സി.ഡി, കെ.എ. തോമസ് (ഫിനാൻസ്), സി.കെ.വിജയൻ (ഓഫീസ്), റ്റി.എസ് ജോസഫ്, റെജി കെ.ഏബ്രഹാം (ഫുഡ്), തോമസ് മാത്യു, വി.വി സുരേഷ് (അക്കോമഡേഷൻ), എം.ഐ.പീറ്റർ (അറേഞ്ച്മെന്റ്), എം. ഒ. ജോൺ (സ്റ്റേജ്), ചാക്കോ മത്തായി, റ്റി.എം. പാപ്പച്ചൻ (വോളണ്ടിയേഴ്സ്), വി.കെ. ഏബ്രഹാം (ക്വയർ), പി.എം. കുഞ്ഞൂഞ്ഞുകുട്ടി (പന്തൽ), റ്റി.വൈ.ജോൺസൺ, കെ.ഐ. രാജേഷ് (പബ്ലിസിറ്റി), റ്റി. എ. പത്രോസ് (കർത്തൃമേശ ക്രമീകരണം) എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു. ഫെബ്രൂവരി 15 ഞായറാഴ്ച നടക്കുന്ന കർത്തൃമേശയോടു കൂടിയ സഭായോഗത്തോടും സമാപന സമ്മേളനത്തോടും കൂടെ കൺവൻഷൻ സമാപിക്കും.

## സി.ഡി പ്രകാശനം ചെയ്തു



**കൊട്ടാരക്കര:** പ്രശസ്ത ഗാനരചിതാവായ സാം. റ്റി. മുഖത്തലയുടെ ഏറ്റവും പുതിയ ഗാനങ്ങളടങ്ങിയ എൻ യേശു മതി' എന്ന സി.ഡി പ്രകാശനം ചെയ്തു. ഐ.പി.സി. കൊട്ടാരക്കര മേഖല കൺവൻഷനിൽ വച്ച് ജനറൽ പ്രസിഡന്റ് പാ.ജേക്കബ് ജോണിനു കൊടുത്ത് പ്രകാശനം ചെയ്തു.

## ഡിസ്ട്രിക്ട് കൺവൻഷൻ

**കൊട്ടാരക്കര:** കലയപുരം ദൈവസഭയുടെ കലയപുരം ഡിസ്ട്രിക്ട് കൺവൻഷൻ ഫെബ്രുവരി 12, 13, 14 എന്നീ തീയതികളിൽ കലയപുരം ദൈവസഭ ഗ്രൗണ്ടിൽവച്ച് നടക്കും. സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ രാജൻ കുരുവിള ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, ജെയ്സ് പാണ്ടനാട്, ഷാജു സി. ജോസഫ് (കോതമംഗലം) എന്നിവർ പ്രസംഗിക്കും. മിസ്പാവോയ്സ് പത്തനാപുരം ഗാനശുശ്രൂഷ നിർവ്വഹിക്കും. ഞായറാഴ്ച സംയുക്ത ആരാധനയുണ്ടായിരിക്കും. പാസ്റ്റർ പ്രദീപ് തോമസ് നേതൃത്വം നൽകും

## ഐ.പി.സി മലബാർ റീജിയൺ രൂപീകരിക്കണം

**ഐ.**പി.സി കേരള സ്റ്റേറ്റിനു കീഴിൽ പ്രവർത്തിച്ചു വരുന്ന മലബാർ മേഖലയിലെ (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) ഐപിസി സഭകളും സെന്ററുകളും ഒരുമിച്ച് നിന്ന് ഐപിസി മലബാർ റീജിയനായി പ്രവർത്തിക്കുവാൻ 2014 ഡിസംബർ 23-ന് നിലമ്പൂരിൽ കൂടിയ മേഖലയുടെ സെന്റർ പാസ്റ്റർമാരുടെയും ശുശ്രൂഷകന്മാരുടെയും വിശ്വാസിപ്രതിനിധികളുടെയും യോഗം ഐക്യകണ്ഠേന ആവശ്യപ്പെട്ടു. ഈ ആവശ്യം നടപ്പിലാക്കുന്നതിനു വേണ്ട ഭേദഗതികൾ ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്നും ജനറൽ കൗൺസിലിന്റെ അനുവാദം മറ്റു സഹായസഹകരണങ്ങളും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു കൊണ്ടുള്ള കത്ത് 2015 ജനുവരി 6ന് കുമ്പനാട് വെച്ച് ജനറൽ പ്രസിഡന്റിനും ആക്ടിംഗ് ജനറൽ സെക്രട്ടറിയ്ക്കും നൽകി.

മലബാർ മേഖലയിൽ 34 സെന്ററുകളിലായി 54 സഭകൾ പ്രവർത്തിച്ചു വരുന്നു. കേരളത്തിന്റെ പകുതിയോളം ഭൂവിസ്തൃതിയിലുള്ള മലബാറിൽ ഐപിസി പ്രവർത്തനം ആരംഭിച്ചിട്ട് എട്ടു പതിറ്റാണ്ടുകൾ പിന്നിടുന്നുവെങ്കിലും സഭാ വളർച്ച കേരളത്തിന്റെ തെക്കൻ മദ്ധ്യപ്രദേശങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. സുവിശേഷമുന്നേറ്റത്തിനും ഉണർവിനും കാര്യനിർവ്വഹണത്തിനും കൂടുതൽ ശ്രദ്ധ മലബാറിൽ ഉണ്ടാകേണ്ടതിനായി ഈ ആവശ്യം അടിയന്തിരപ്രാധാന്യം നല്കി നടപ്പിലാക്കി തരണമെന്ന് കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. മലബാറിലുള്ള ശുശ്രൂഷകന്മാരുടെയും മലബാർ റീജിയൺ എന്ന ദീർഘവർഷത്തെ ആവശ്യമാണ് കത്തിലൂടെ മലബാർ മേഖല ജനറൽ കൗൺസിലിനെ അറിയിച്ചിരിക്കുന്നത്.

മലബാറിൽ സ്വന്തമായി ഭൂമിയും സഭാഹോളുമുള്ളത് പതിനഞ്ചു ശതമാനം സഭകൾക്കുമാത്രമാണ്. എല്ലാ സഭകൾക്കും ഭൂമിയും സഭാഹോളും ശുശ്രൂഷകന്മാർക്ക് സാമ്പത്തിക ഉന്നമനത്തിനുതകുന്ന ക്ഷേമപ്രവർത്തനങ്ങളും അർഹരായ ശുശ്രൂഷകരുടെയും വിശ്വാസികളുടെയും മക്കൾക്ക് വിദ്യാഭ്യാസ സഹായങ്ങളും ആവിഷ്കരിക്കുവാൻ മലബാർ റീജിയൺ രൂപീകരണത്തോടെ സാധ്യമാകുമെന്ന് മലബാറിലുള്ള സഭാ നേതാക്കന്മാർ വിശ്വസിക്കുന്നു. സഭാ കേന്ദ്രത്തിന് മലബാർ പാക്കേജിന്റെ പേരിൽ ലഭിക്കുന്ന ഫണ്ടുകൾ സുതാര്യവും ഫലപ്രദവുമായി ഉപയോഗിക്കുവാൻ മലബാർ റീജിയൺ യഥാർത്ഥ്യമാകുന്നതോടെ സാധിക്കും.

ദാരിദ്രരായ വിശ്വാസികൾക്ക് വിവിധ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും അവരുടെ ആത്മീക പങ്കാളിത്തം ഉയർത്തുന്നതിനും, സർക്കാരിൽ നിന്ന് ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും ക്രമീകരണങ്ങൾ ചെയ്യും. മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് ഏറെ ദുർബലജനവിഭാഗങ്ങളുള്ള മലബാറിൽ വിവിധ സാമ്പത്തിക- സാമൂഹിക- വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നോക്കമായ മലബാറിൽ സ്വന്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരസേവനകേന്ദ്രങ്ങൾ, പ്രായമായ നിർധനരായ ശുശ്രൂഷകന്മാരുടെ പുനരധിവാസകേന്ദ്രം തുടങ്ങിയ മലബാറിലുള്ള പെന്തെക്കോസ്തുപ്രവർത്തകരുടെ സ്വപ്നങ്ങൾ പൂർത്തികരിക്കുവാൻ റീജിയനിലൂടെ സാധിക്കും.

ജനുവരി 10-ന് തിരുവല്ലായിൽ നടന്ന പത്രസമ്മേളനത്തിൽ പാസ്റ്റർമാരായ ജോൺ ജോർജ് (മലബാർ മേഖല പ്രസിഡന്റ്), സാം ദാനിയേൽ (മലബാർ മേഖല സെക്രട്ടറി), ജോയി ഗീവർഗീസ്(മലബാർ മേഖല വൈസ് പ്രസിഡന്റ്), സഹോദരന്മാരായ സജി മത്തായി കാതേട്ട്(മലബാർ മിഷൻ ബോർഡ് സെക്രട്ടറി), ജയിംസ് വർക്കി(മലബാർ മിഷൻ ബോർഡ് ട്രഷറാർ), സാം കൊണ്ടാഴി (മലബാർ മേഖല ജോ. സെക്രട്ടറി) എന്നിവർ പങ്കെടുത്തു.

## ജനറൽ കൺവൻഷൻ

**മുണ്ടത്താനം:** ഇൻഡിപെൻഡന്റ് പെന്തെക്കോസ്തൽ അസംബ്ലിയുടെ 26-ാം ജനറൽ കൺവൻഷൻ മുണ്ടത്താനം ഇടയപ്പാറ പെനിയേൽ ഗ്രൗണ്ടിൽവച്ച് ഫെബ്രുവരി 5 മുതൽ 7 വരെ നടക്കും. ഐ.പി.എ. ചെയർമാൻ പാസ്റ്റർ പി.ഡി. യോഹന്നാൻ ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ബിജുപോൾ കോട്ടയം, സിസ്റ്റർ കീർത്തി തിരുവനന്തപുരം, പാസ്റ്റർ ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. ഐ.പി.എ. യൂത്ത് ക്വയർ ഗാന ശുശ്രൂഷ നിർവ്വഹിക്കും. ഞായറാഴ്ച സംയുക്ത സഭാ യോഗവും കർത്തൃമേശയും ഉണ്ടായിരിക്കും. സഹോദരി സമ്മേളനം, യുവജന സമ്മേളനം, സണ്ടേ സ്കൂൾ പ്രോഗ്രാം എന്നിവയുണ്ടായിരിക്കും. പാസ്റ്റർമാരായ എം.റ്റി. ജോസ്, റ്റി.സി. മാത്യു, ഇ.ജെ. ബാബുക്കുട്ടി എന്നിവർ നേതൃത്വം നൽകും.

ഖണ്ഡനം



ജെയ്സ് പാണ്ടനാട്

# കൂടൽ കുഞ്ഞുമോന്റെ സെബല്ല്യനിസവും മോഡലിസ്റ്റിക് മൊണാർക്കിയനിസവും

**പാ**സ്റ്റർ കൂടൽ കുഞ്ഞുമോന്റെ പുസ്തകം ഇതിനോടകം വിവാദമായിക്കഴിഞ്ഞു. യേശുക്രിസ്തുവിന്റെ നിത്യത്വം, ദൈവത്വം, പൂർവ്വാസ്തിത്വം തുടങ്ങിയ വിശേഷമായ ദൈവിക ലക്ഷണങ്ങളെ ഈ ഗ്രന്ഥത്തിൽ നിരാകരിച്ചിരിക്കുകയാണ്. ആദിമകാലത്തിന് പ്രചരിപ്പിക്കപ്പെട്ട സെബല്ല്യനിസം വിവിധ പേരുകളിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഏകത്വവാദം, മോണാർക്കിയനിസം, പാട്രിക്ക് പാഷ്യനിസം, ഡൈനാമിക്ക് മൊണാർക്കിയനിസം, മോഡലിസം ഇങ്ങനെ വിവിധ രൂപത്തിലും ഭാവത്തിലും രംഗപ്രവേശനം ചെയ്തു. ക്രിസ്തുവിന്റെ നിത്യത്വവും ദൈവത്വവും നിഷേധിച്ചുകൊണ്ടാണ് ഈ ദുരുപദേശങ്ങൾ രംഗത്തെത്തിയത്. ഈ ദുരുപദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കൂടൽ കുഞ്ഞുമോൻ തന്റെ വാദങ്ങൾ നിരത്തിയിരിക്കുന്നത്.

മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സെബല്ല്യസിന്റെ അഭിപ്രായമനുസരിച്ച് ദൈവം പിതാവ് മാത്രമാകുന്നു. പിന്നെ ഒരിക്കൽ പുത്രനായിട്ടും ഒടുവിൽ പരിശുദ്ധാത്മാവായിട്ടും വെളിപ്പെടുകയായിരുന്നു. അതുകൊണ്ട് ത്രിത്വം എന്ന് പറഞ്ഞു കൂടാ. ബഹുദൈവവാദത്തിൽ നിന്നും സർവ്വദേവതാവാദത്തിൽ നിന്നും ഉടലെടുത്തതാണ് ത്രിത്വോപദേശം എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ദൈവത്തിന്റെ ഏകത്വ അധികാരം എന്ന ചിന്തയാണ് മോണാർക്കിയനിസം. അതിൻ പ്രകാരം പിതാവു മാത്രമേ ദൈവമുള്ളു. മനുഷ്യജാതിക്കുവേണ്ടി വ്യഥകൾ അനുഭവിച്ചത് പിതാവാകുന്നുവെന്ന് വ്യാഖ്യാനിച്ചതിനാൽ അവർക്ക് പാട്രിക്ക് പാഷ്യനിസം എന്നും പേരായി. പിതാവിനു മാത്രം ദൈവത്വം എന്ന ആശയമാണ് ഡൈനാമിക്ക് മൊണാർക്കിയനിസം. അന്ത്യോക്യയിൽ കൂടിയ സിനഡ് ഈ ഉപദേശത്തെ ചവറ്റു കൊട്ടയിൽ തള്ളി. 'പിതാവായ ദൈവത്തെ ക്രൂശിൽ തൂക്കിലേറ്റിയവർ', 'പിതാവിനെ പീഢ അനുഭവിപ്പിക്കുന്നവർ' എന്നെല്ലാമാണ് മൂന്നും നാലും നൂറ്റാണ്ടുകളിലെ നേതാക്കന്മാർ സബേല്ല്യൻ വാദികളെ വിളിച്ചിരുന്നത്.

മൂന്നാം ശതകത്തിലെ ഉത്താരാർദ്ധത്തിൽ അന്ത്യോക്യയിലെ അദ്ധ്യക്ഷനായിരുന്നു സമോസട്ടായിലെ പൌലേ. ഇദ്ദേഹത്തിന്റെ പഠിപ്പിക്കലും ഇതേമാതിരിയായിരുന്നു. ദൈവം സംസാരിക്കുന്ന വാക്കുകളാണ് വചനം. അതിനാൽ ദൈവത്തിന്റെ വചനത്തിന് ആളത്വമില്ല യേശുക്രിസ്തുവിൻ ആളത്വം പ്രാപിക്കുന്നതിന് മുമ്പ് വചനത്തിന് 'പുത്രൻ' എന്ന പേര് ഉണ്ടായിരുന്നില്ല. അതിനാൽ 'പിതാവ്', 'പുത്രൻ' എന്നീ പേരുകൾ ദൈവത്തെ സംബന്ധിച്ചു നിത്യമല്ല. യേശുക്രിസ്തു കേവലം മനുഷ്യൻ മാത്രമായിരുന്നു. ദൈവത്തിൽ തന്നെ നിത്യമായ, ത്രിയേക ആളത്വമുണ്ടെന്നുള്ളതിനും പകരം ത്രിത്വം ഒരേ ദൈവത്തിന്റെ ഒന്നിനു പുറകെയുള്ള മൂന്നു പ്രവർത്തനങ്ങൾ അഥവാ മൂന്നുമുഖംമൂടികൾ മാത്രമാണെന്ന മോഡലിസ്റ്റിക് മൊണാർക്കിയൻസ് പഠിപ്പിച്ചു. ഈ നിലപാടുകൾ സഭ തള്ളിക്കളഞ്ഞു.

യേശുക്രിസ്തുവിന്റെ വ്യക്തിത്വനിരാകരണം കൾട്ടുകളുടെ അടിസ്ഥാനപരമായ സ്വഭാവവും ലക്ഷണവുമാണ്. ആദിമസഭയിൽ അപ്പോസ്തലിക കാലത്തിനു ശേഷം ദുരുപദേഷ്ഠാക്കന്മാരുടെ ശക്തി വർദ്ധിച്ചു. രണ്ടും മൂന്നും നാലും നൂറ്റാണ്ടുകൾ ഇടത്തുടുകൾ സഭയിൽ തലപൊക്കി. യേശുക്രിസ്തുവിന്റെ 'ആളത്വം' സംബന്ധിച്ച് ശക്തമായ വാദപ്രതിവാദങ്ങൾ നടന്നു. തീവ്രമായ ദൈവശാസ്ത്ര ചർച്ചകളിൽ 'യേശുക്രിസ്തു ആര്'? എന്ന ചോദ്യം ഗൗരവമായി ഉന്നയിക്കപ്പെട്ടു. ഇവിടുത്തെ മുഖ്യ വിഷയം 'യേശുവിന്റെ ആളത്വം' എങ്ങനെ വ്യാഖ്യാനിയ്ക്കാം എന്നതായിരുന്നു. യേശുവും പിതാവും തമ്മിലുള്ള ബന്ധം, ത്രിത്വത്തിലെ യേശുവിന്റെ സ്ഥാനം, യേശുവിന്റെ ദൈവത്വം, മനുഷ്യത്വം, നിത്യത്വം ഇവ വിവിധ രീതിയിൽ ചർച്ച ചെയ്യപ്പെട്ടു. തൽഫലമായി വിവിധ ക്രിസ്തുവിജ്ഞാനിയങ്ങൾ തന്നെ രൂപപ്പെട്ടു. ഔദ്യോഗിക സഭ ഉപദേശവിഷയങ്ങളിൽ കർക്കശ നിലപാടെടുത്തു. വിപരീത ഉപദേശം സ്വീകരിച്ചവരെ (Heretics) സഭയിൽ നിന്ന് പുറത്താക്കി.

ആദിമസഭ തള്ളികളഞ്ഞ ദുരുപദേശങ്ങളിൽ പ്രഥമവും പ്രധാനവും ജ്ഞാനവാദം ആണ് (Gnosticism). ഈ സിദ്ധാന്തം ഗ്രീക്ക് തത്വചിന്തയുടെ സ്വാധീനത്താൽ ഉളവായതാണ്. ഇതിൽ ഭൗതീക ലോകവും വസ്തുക്കളും മനുഷ്യ ശരീരവും അടിസ്ഥാനപരമായ തിന്മയാണ്. ആയതിനാൽ ദൈവപുത്രന്റെ ശരീരധാരണം സാധ്യമല്ല എന്ന് പഠിപ്പിച്ചു. ജ്ഞാനമതത്തിലെ ക്രിസ്തു ദൈവമല്ല; ക്രൂശിൽ മരിച്ചില്ല. രക്ഷയ്ക്ക് ജ്ഞാനമാണ് ആവശ്യം.

യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെ വെറും തോന്നൽ മാത്രമായി ചിത്രീകരിച്ച 'ഡോസറ്റിസം' പിന്നീട് പ്രചരിച്ചു. ഇവരുടെ തത്വജ്ഞാനപ്രകാരം ആത്മാവും ജഡവും തമ്മിൽ തീരാത്ത വൈരുദ്ധ്യമുണ്ട്. ക്രിസ്തുവിന് ശരീരമില്ലായിരുന്നു, കർത്താവ് ജഡത്തിൽ വന്നുവെന്നത് വെറും തോന്നൽ മാത്രമായിരുന്നു.

കന്യകയിൽ നിന്നുള്ള കർത്താവിന്റെ ജനനത്തെ അവിശ്വസിക്കുകയും താൻ ഒരു മനുഷ്യൻ മാത്രമായിരുന്നുവെന്ന് വാദിക്കുന്ന "ഈബിയനിസം" സഭയിൽ പ്രചരിച്ചിരുന്നു. യെരുശലേമിലെ യഹൂദ ക്രിസ്ത്യാനികളാണ് ഈ വാദത്തിൽ പ്രധാനമായും കുടുങ്ങിയത്. അവർ കർത്താവിന്റെ മശിഹാത്വത്തിലും പുനരാഗമനത്തിലും മാത്രം വിശ്വസിച്ചു. ചുരുക്കത്തിൽ ദൈവപുത്രന്റെ മനുഷ്യാവതാരത്തെ ഇവർ നിഷേധിച്ചു. ഈ ദുരുപദേശങ്ങളെ ആദിമസഭ തള്ളിക്കളഞ്ഞു.

മൂന്നും നാലും നൂറ്റാണ്ടുകളിൽ പ്രചരിച്ച മറ്റൊരു വിപരീത ഉപദേശമാണ് ദത്തെടുക്കൽ വാദം. ഇതിന്റെ ഉപജ്ഞാതാവായ തിയോഡോട്ടസ് ക്രിസതുവിന്റെ നിത്യദൈവത്വത്തെ ചോദ്യം ചെയ്തു. കർത്താവിന്റെ സ്നാന സമയത്ത് പരിശുദ്ധാത്മാവ് പ്രാവ് രൂപേണ കർത്താവിൽ ആവസിച്ചപ്പോൾ പിതാവായ ദൈവം യേശുവിനെ സ്വപുത്രനായി ദത്തെടുത്തുവെന്ന് തിയോഡോട്ടസ് പഠിപ്പിച്ചു. അപ്പോൾ മുതൽ യേശു കർത്താവായി തീരുകയും അതിശയങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. ദത്തെടുക്കൽ വാദക്കാരിൽ തന്നെ രണ്ട് അഭിപ്രായക്കാരുണ്ട്. കർത്താവിന്റെ പരസ്യശുശ്രൂഷകാലത്തു മാത്രമേ പരിശുദ്ധാത്മാവ് പ്രവർത്തിച്ചിരുന്നുവെന്നു ഒരു കൂട്ടർ ഉപദേശിച്ചു. മറ്റൊരു കൂട്ടർ കർത്താവിന് ഉയർപ്പിനു ശേഷം ദൈവത്വം ലഭിച്ചുവെന്ന് പഠിപ്പിച്ചു. 'ഡൈനാമിക്ക് മൊണാർക്കിയർ' എന്നും ഇക്കൂട്ടരെ വിളിച്ചിരുന്നു. സഭയിൽ പലപ്പോഴും തലയുയർത്തിയിട്ടുള്ള ഒരു വിശ്വാസ വികല്പമാണ് ദത്തെടുക്കൽ വാദം.

മേൽപ്പറഞ്ഞ എല്ലാ വിശ്വാസ വൈപരീത്യങ്ങളെക്കാളും സത്യ വിശ്വാസത്തെ തകിടം മറിക്കുന്നതായിരുന്നു അറിയൂസിന്റെ വിരുദ്ധോപദേശം. ക്രിസ്തു ദൈവത്തിന്റെ ആദ്യസൃഷ്ടിയാണ്. പുത്രൻ ഇല്ലാതിരുന്ന കാലമുണ്ടായിരുന്നു ('യേൻ പോട്ടെ ഔക്ക് യേൻ'). പിതാവിന്റെ അതേ സാരാംശം പുത്രനില്ല; പുത്രൻ സർവ്വജ്ഞൻ അല്ലായ്കയാൽ പിതാവിനെ പൂർണ്ണമായി അറിയാവുന്നവനല്ല, എന്നീ പഠിപ്പിക്കലുകൾ അറിയുസ് പ്രചരിപ്പിച്ചു. നിഖ്യാ-കുസ്തന്തീനോസ് സുന്നഹദോസുകൾ അറിയൂസിന്റെ വാദങ്ങൾ തള്ളികളഞ്ഞു. "പിതാവിന്റെ അതേ സാരംശം" (ഹോമോവൂസിയോസ്) എന്ന സിദ്ധാന്തം സഭ സ്വീകരിച്ചു. അറിയൂസിനെ സഭാഭ്രംശം ചെയ്തു.

പിതാവിന്റെ അ 11

01

## ഐ. പി. സിയിൽ പാനൽ യുദ്ധം...

മത്സരവും സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്ക് ആയിരിക്കും. ഇപ്പോഴത്തെ നിലയിലുള്ള അടിയൊഴുക്കുകൾ തുടർന്നാൽ പാസ്റ്റർ എം. പി. ജോർജ്ജുകുട്ടിക്കാണ് മുൻതൂക്കം എന്നാണ് അണിയറയിൽ കേൾക്കുന്നത്.

ട്രഷറാർ സ്ഥാനത്തേക്ക് ബ്രദർ സണ്ണി മുളമൂട്ടിൽ വത്സൻ ഏബ്രഹാം പക്ഷത്തു നിന്ന് മത്സരിക്കുമ്പോൾ എതിർപക്ഷത്തുനിന്ന് ആരാണെന്നുള്ള ചിത്രം ഇനിയും വ്യക്തമായിട്ടില്ല. ജോയിന്റ് സെക്രട്ടറിയായി വിശ്വാസികളുടെ ഭാഗത്തുനിന്നും ബ്രദർ എൽ. കെ. റോയി രംഗത്തുണ്ടാകുമെന്ന് അറിയുന്നു. എതിർപക്ഷത്ത് ആരാണെന്നത് ഇനിയും ഉറപ്പായിട്ടില്ല. ശുശ്രൂഷകരിൽ നിന്നുള്ള സ്ഥാനാർത്ഥികളെക്കുറിച്ചും ചർച്ചകൾ അണിയറയിൽ സജീവമാണ്.

സോദരീസമാജം ഇലക്ഷൻ ഫലം വരുവാൻ പോകുന്ന തെരഞ്ഞെടുപ്പിന്റെ ദിശാസൂചി ആണെന്ന് പറയാം. ഐ. പി. സിയിൽ കഴിഞ്ഞ കുറേ നാളുകളായി നടന്നുവരുന്ന നിയമ പോരാട്ടങ്ങളും ഗ്രൂപ്പുയുദ്ധങ്ങളുമെല്ലാം ഗ്രൂപ്പ് സമവാക്യങ്ങൾ മാറ്റി മറിച്ചുകഴിഞ്ഞു. പുറമേ ശാന്തം എന്നു തോന്നിയാലും പുകയുന്ന അഗ്നിപർവ്വതത്തിന് സമാനമാണ് അകത്തെ കാര്യങ്ങളെന്നത് നിസ്തർക്കമാണ്.

ജനറൽ ഇലക്ഷനിലും ഇക്കുറി ഈസി വാക്കോവർ ആയിരിക്കുകയില്ല. ജനറൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ട്രഷറാർ പദവികളിലെല്ലാം ശക്തമായ മത്സരത്തിനാണ് കളം ഒരുങ്ങുന്നത്. പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ വത്സൻ ഏബ്രഹാം, പാസ്റ്റർ കെ. സി. ജോൺ, പാസ്റ്റർ ബേബി വർഗീസ്, പാസ്റ്റർ സാം ജോർജ്, പാസ്റ്റർ വിൽസൺ ജോസഫ് തുടങ്ങിയവരെല്ലാം ജനറൽ എക്സിക്യൂട്ടീവ് സ്ഥാനത്തേക്ക് രംഗത്തുണ്ടാകുവാനാണ് സാധ്യത.

നേതാക്കന്മാരുടെ തത്വദീക്ഷയില്ലാത്ത നിലപാടുകളും അവസരവാദ രാഷ്ട്രീയക്കളികളും അവിശുദ്ധ കൂട്ടുകെട്ടുകളും പലരും ക്രിസ്തീയ ധാർമ്മികത പുലർത്താത്തതും എല്ലാം ജനത്തെ ഇവരിൽ നിന്ന് അകറ്റിയിരിക്കുകയാണ്. വരുംദിവസങ്ങളിൽ കൂടുതൽ ചിത്രം വെളിവാകും.

കല്ലുകടി

## പി. സി. ഐയുടെ യിസ്രായേൽ യാത്ര

**പി.** സി. ഐ. എന്നാൽ പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ. പെന്തെക്കോസ്തുകാരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന ഒരു സംഘടന എന്ന നിലയിലാണ് ഇത് അറിയപ്പെട്ടിരുന്നത്. ചില ശവക്കോട്ട പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ട് പി. സി. ഐ. സജീവശ്രദ്ധ നേടിയിരുന്നു. പെന്തെക്കോസ്ത് സമൂഹത്തെ ഒരു കുടക്കീഴിൽ നിർത്തുവാനുള്ള യത്നത്തിന്റെ ഭാഗമായിരുന്നു പി. സി. ഐ. എന്നാണ് കേട്ടിട്ടുള്ളത്. കാലക്രമേണ ചില റാലികൾ നടത്തുന്നതിലേക്ക് പ്രവർത്തനം ഒതുങ്ങി. പിന്നെ അതിലെ പടലപിണക്കങ്ങൾ പുറംലോകം അറിഞ്ഞുതുടങ്ങി. ചിലരൊക്കെ പൊഴിഞ്ഞുപോയി. പെന്തെക്കോസ്തിന്റെ വക്താക്കളാകുവാൻ യോഗ്യതയില്ലാത്ത ചിലർ സംഘടന ഹൈജാക്ക് ചെയ്തു. പണം വാങ്ങി കമ്മറ്റി സ്ഥാനം വിൽക്കാൻ തുടങ്ങിയപ്പോൾ ബിസിനസ്സുകാർ അകത്ത് കടന്നു. ഇപ്പോൾ പി. സി. ഐ. ഉണ്ടോ ഇല്ലയോ എന്ന് അറിയാൻ വയ്യാത്ത നിലയിലാണ് കാര്യങ്ങൾ പോകുന്നത്. കേരളത്തിലാണെങ്കിൽ അവിടെയും ഇവിടെയും ഒക്കെ വിശ്വാസികളും ശുശ്രൂഷകന്മാരും അടിക്കൊള്ളുന്നുണ്ട്. ഘർവാപസിയും മറ്റുമായി ഒരു കൂട്ടം പ്രശ്നങ്ങളുമുണ്ട്. സ്വന്തം തടി കേടാകരുതെന്ന് വിചാരിച്ചായിരിക്കാം പി. സി. ഐ.യിലെ സിംഹങ്ങളൊന്നും ഇപ്പോൾ മിണ്ടാറില്ല. കേരളത്തിലെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനേക്കാൾ എന്തുംകൊണ്ടും നല്ലത് ഇസ്രായേലിലെ വിഷയങ്ങളിൽ ഇടപെടുന്നതായിരിക്കും. അതിനാലാകും പ്രസിഡന്റിന്റെയും ട്രഷററുടെയും നേതൃത്വത്തിൽ യെരുശലേം യാത്ര നടത്തുന്നു. യാത്രയുടെ പേരിൽ കമ്മീഷനും സൗജന്യയാത്രയുമൊക്കെ ഉണ്ടല്ലോ. അങ്കവും കാണാം താളിയും ഒടിക്കാം. പെന്തെക്കോസ്തിനെ വിറ്റ് കാശാക്കാൻ മടിയില്ലാത്തവരുടെ എണ്ണം കൂടുമ്പോൾ നാം എന്തു പറയാൻ.

**അടിക്കുറിപ്പ്:** പന്തീരാണ്ടുകാലം വാൽ കുഴലിലിട്ടാലും കുഴല് വളയുകയല്ലാതെ വാൽ നേരെ ആകില്ലല്ലോ.

ബിലീവേഴ്സ് ജേണൽ പ്രയർ ലൈൻ

നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി 24 മണിക്കൂറും
പ്രയർ ഹെൽപ് ലൈൻ ആരംഭിച്ചിരിക്കുന്ന വിവരം
സസന്തോഷം അറിയിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ
താഴെ പറയുന്ന ടെലിഫോൺ നമ്പറുകളിലോ ഇ-മെയിൽ വിലാസത്തിലോ
അറിയിക്കാവുന്നതാണ്.

ഫോൺ: 9947743346, 9526602670, 9633004588
Email: beljournprayer@gmail.com

# ഐ.പി.സി ചരിത്രത്തോളം പഴക്കമുള്ള നെല്ലിക്കാമൺ താബോർ ചർച്ച്



ഐ. പി. സി. റാന്നി – നെല്ലിക്കാമൺ താബോർ പ്രാദേശിക സഭ

## പാസ്റ്റർ ജോൺവർഗീസ് & കുടുംബവും



മാവേലിക്കര വെട്ടിയാർ കൊല്ലന്റെ കിഴക്കേതിൽ ശ്രീമാൻ കെ. സി.വർഗീസിന്റെയും പരേതയായ സാറാമ്മ വർഗീസിന്റെയും ഇളയ മകനാണ് പാസ്റ്റർ ജോൺ വർഗീസ്. 1992–ൽ മർത്തോമ്മ സഭാ പാശ്ചാത്തലത്തിൽ നിന്ന് യേശുവിന്റെ വിളികേട്ട് ഇറങ്ങി തിരിച്ചു. വിദ്യാഭ്യാസനന്തരം 1996–ൽ ഇൻഡ്യാ ബൈബിൾ കോളജിലും, 1999–ൽ ഹെബ്രോൻ ബൈബിൾ കോളജിലും ദൈവവചനപഠനം പൂർത്തീകരിച്ച്, ഐ. പി. സി മാവേലിക്കര ഈസ്റ്റ് സെന്റിൽ വിവിധ സഭകളിൽ ശുശ്രൂഷിച്ചു. 2010–ൽ അബുദാബി ഇമ്മാനുവേൽ ഐ. പി. സി സഭയുടെ ശുശ്രൂഷ ഏറ്റെടുത്തു. അബുദാബിയിലുള്ള മൂന്ന് ഐ. പി. സി ചർച്ചുകളെ, ഒരുമിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുകയും, ഐ. പി. സി അബുദാബി ചർച്ചിന്റെ സീനിയർ പാസ്റ്ററായി 2014 വരെ സേവനമനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് ഇപ്പോൾ കേരളത്തിലെ പ്രമുഖ സഭകളിൽ ഒന്നായ റാന്നി നെല്ലിക്കാമൺ താബോർ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. സുവിശേഷ പ്രസംഗകൻ, വർഷിപ്പ് ലീഡർ, ഗാനരചിതയാവ് മികച്ച സംഘാടകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഭാര്യ: ജിസി ജോൺ, മക്കൾ: സ്നേഹ, സൗമ്യ



പ്രഫസർ മാത്യു ഏബ്രഹാം (സെക്രട്ടറി)



ബ്രദർ ഈപ്പൻ തോമസ് (ട്രഷറർ)



ഇവാ. സാബു ചാപ്രത്ത്
പി. വൈ. പി. എ. സ്റ്റേറ്റ് സെക്രട്ടറി

**ഐ.**പി.സി പ്രസ്ഥാനത്തിന്റെ ചരിത്രത്തോളം പഴക്കമുള്ള റാന്നി – നെല്ലിക്കാമൺ താബോർ സഭ പ്രവർത്തനമേഖലകളിൽ 91 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 1924–ൽ പാസ്റ്റർ കെ. ഇ. ഏബ്രഹാം റാന്നിയിലും പരിസരപ്രദേശങ്ങളിലും പാകിയ സുവിശേഷത്തിന്റെ വിത്തുകൾ കിളിർത്ത് വളർന്ന് പടർന്ന് പന്തലിച്ച് ധാരാളം സഭകൾ ഉടലെടുത്തു. അങ്ങനെ ആരംഭം കുറിച്ച സഭകളിൽ പ്രധാനമാണ് നെല്ലിക്കാമൺ താബോർ.

പുല്ലംപ്പള്ളി, പറക്കുളം ഭാഗങ്ങളിൽ ആരംഭിച്ച ചെറിയ കൂടിവരവുകളിൽ നെല്ലിക്കാമൺ, വളവൊടികാവ്, കണ്ടൻപേരൂർ എന്നീ ഭാഗങ്ങളിലുള്ളവർ സംബന്ധിക്കുകയും വിശ്വാസസത്യങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. അയന്തിയിൽ ഭവനക്കാർ ദാനമായി നെല്ലിക്കാമണ്ണിൽ നൽകിയ സ്ഥലത്ത് ലളിതമായ നിലയിൽ ഓലകൊണ്ടുള്ള ഷെഡ് വെച്ച് ആരംഭിച്ച സഭ കാലങ്ങൾ പിന്നിട്ടപ്പോൾ വിശാലമായ സഭാഹാൾ, ആഡിറ്റോറിയം, മനോഹരമായ പാഴ്സനേജ്, സെമിറ്ററി എന്നിങ്ങനെ കോടികൾ വിലമതിക്കുന്ന സംവിധാനങ്ങളുള്ള ഐ. പി. സിയുടെ കേരളത്തിലെ പ്രധാന സഭകളിലൊന്നായി വളരുവാൻ സർവ്വശക്തനായ കർത്താവ് ഇടയാക്കി. ആരംഭ നാളുകളിൽ തന്നെ പെന്തെക്കോസ്തു സത്യങ്ങളിലേക്ക് ആകർഷിക്കപ്പെട്ട വേങ്ങതോട്ടത്തിൽ (വലിയകാലായിൽ) കുട്ടിയച്ചൻ (പാസ്റ്റർ വി.വി. തോമസ്), കപ്പാംമൂട്ടിലായ മുക്കൂട്ടുതറ കുഞ്ഞോമ്മാച്ചൻ എന്നറിയപ്പെട്ടിരുന്ന (പാസ്റ്റർ കെ.ഇ തോമസ്), കാരംവേലിൽ തോപ്പിൽ മത്തായിച്ചൻ (പാസ്റ്റർ റ്റി.കെ. മാത്യു), വിളയിൽ മത്തായിച്ചൻ (പാസ്റ്റർ വി. ഏ. മത്തായി) എന്നീ പിതാക്കന്മാരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളും പ്രാർത്ഥനയും ദേശത്ത് അനേകരെ രോഗശാന്തിയിൽ കൂടെയും പരിശുദ്ധാത്മാഭിഷേകത്തിൽ കൂടിയും വിശ്വാസ സത്യങ്ങളിലേക്ക് നടത്തി. ഏകദേശം 120–ൽ അധികം കുടുംബങ്ങളിൽ നിന്നായി 600–ൽ പരം അംഗങ്ങൾ ഇന്ന് ഈ സഭയിൽ ഉണ്ട്. ഒരു മിഷനറി സഭയായി നെല്ലിക്കാമൺ ഐ. പി. സി. സഭ അറിയപ്പെടുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ സുവിശേഷത്തിനു സാക്ഷികളായി ഈ സഭാംഗങ്ങളായ ധാരാളം പേർ നിലകൊള്ളുന്നു.

ഐ. പി. സിയിലെ പ്രഗത്ഭരായിരുന്ന പല കർത്തൃദാസന്മാരും ഈ സഭയിലെ ശുശ്രൂഷകരായി പ്രവർത്തിച്ചിട്ടുണ്ട്. ഐ. പി. സിയുടെ മുൻ പ്രസിഡന്റായിരുന്ന പാസ്റ്റർ റ്റി.ജി ഉമ്മൻ സഭയുടെ പ്രാരംഭപ്രവർത്തനങ്ങളിൽ സജീവപങ്കാളി ആയിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഐ. പി. സി. പ്രസ്ഥാനം ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതിൽ ഈ സഭയുടെ പ്രാരംഭ പ്രവർത്തകരിൽ ഒരാളും ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ വി.വി.തോമസിന്റെ പേരും ഉൾപ്പെടുന്നു. പാസ്റ്റേഴ്സ് വി. റ്റി.ജോസഫ്, വി.റ്റി.തോമസ് (കുന്നത്തുംകര), എം.വി.ചാക്കോ (മുണ്ടിയപ്പള്ളി), എന്നീ ദൈവദാസന്മാർ ഈ സഭയിലെ മുൻശുശ്രൂഷകരാണ്. ഈ സഭാംഗങ്ങൾ സ്റ്റേറ്റ്, ജനറൽ കൗൺസിലുകളിലും, പുത്രികാസംഘടനകളിലും നേതൃത്വനിരകളിൽ പ്രവർത്തിച്ചവരിൽ ഉൾപ്പെടുന്നു എന്നത്സഭയുടെ അഭിമാനമാണ്. ബ്രദർ കെ. റ്റി. വർഗീസ് (സണ്ടേസ്കൂൾ ട്രഷറാർ), റവ: ഡോ. ജോർജ് മാത്യു (പി. വൈപി.എ പ്രസിഡന്റ്), ബ്രദർ ഈപ്പൻ തോമസ് കപ്പാംമൂട്ടിൽ കേരളാ സ്റ്റേറ്റ്, ജനറൽ കൗൺസിൽ ട്രഷറാർ എന്നീ നിലകളിൽ പ്രവർത്തിച്ചവരാണ്. ഇപ്പോൾ പി. വൈ. പി. എ സ്റ്റേറ്റ് സെക്രട്ടറി ആയി പ്രവർത്തിക്കുന്ന ഇവാ. സാബു ചാപ്രത്ത് ഈ സഭയുടെ സജീവ അംഗമാണ്.

സഭയുടെ ആരംഭനാളുകളിലുണ്ടായിരുന്ന മിക്ക കുടുംബങ്ങളിലെയും പിൻതലമുറ തങ്ങളുടെ പിതാക്കന്മാരുടെ ദർശനവും, ദൈവസ്നേഹവും കൈമോശം വരാതെ കാത്തുസൂക്ഷിക്കുകയും ദൈവം തങ്ങളെ മാനിച്ച സുവിശേഷത്തിന് സാക്ഷ്യം വഹിച്ചു പോരുകയും ചെയ്യുന്നു. ആദ്യകാല കുടുംബങ്ങളിലെ ചില പ്രീയപ്പെട്ടവർ സ്ഥിരമായി വിദേശരാജ്യങ്ങളിൽ പാർക്കുന്നു. മറ്റു പല സഭകളിൽ നിന്നും വിഭിന്നമായി ജോലികളിൽ നിന്നും വിരമിച്ച് വിശ്രമ ജീവിതം നയിക്കുന്ന ഒരു നല്ലകൂട്ടം പരിചയസമ്പന്നരും, സേവന സന്നദ്ധരുമായ പിതാക്കന്മാർ ഈ സഭയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. സുവിശേഷ പോർക്കളത്തിൽ, ഇൻഡ്യയിലെ വിവിധ സ്റ്റേറ്റുകളിലും വിദേശ രാജ്യങ്ങളിലുമായി 100–ൽ പരം കർത്തൃദാസന്മാർ ഈ സഭയിൽ നിന്നും ഇതപര്യന്തം കടന്നു പോയിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങളിലും സഭ സജീവമാണ്. കേരളത്തിലെയും ഇൻഡ്യയുടെ വിവിധ സ്റ്റേറ്റുകളിലെയും സുവിശേഷ പ്രവർത്തനങ്ങൾക്ക് സഭ സാമ്പത്തീക സഹായങ്ങൾ നൽകി വരുന്നു.

ഇപ്പോഴത്തെ സഭാ ശുശ്രൂഷകൻ പാസ്റ്റർ ജോൺ വർഗീസിന്റെ (വെട്ടിയാർ) നേതൃത്വത്തിൽ ബ്രദർ കെ.റ്റി. വർഗീസ് (വൈസ് പ്രസിഡന്റ്), പ്രൊഫസർ മാത്യു ഏബ്രഹാം (സെക്രട്ടറി), ബ്രദർ ഈപ്പൻ തോമസ് (ട്രഷറാർ) ബ്രദർ വി.ഏ. വർഗീസ് (ജോ. സെക്രട്ടറി), കമ്മറ്റി അംഗങ്ങളായി ഏബ്രഹാം പി. ചെറിയാൻ, റ്റി. എം. വർഗീസ് പുന്നയ്ക്കാട്ട്, തോമസ് മാത്യു, പി. എ. തോമസ് പുതുപ്പറമ്പിൽ, വി. എം. ഏബ്രഹാം, ഹെനി ചാക്കോ, രാജൻ തോമസ്, ജോമോൻ ജോർജ് എന്നിവരും പ്രവർത്തിക്കുന്നു. കമ്മറ്റി സഭയുടെ ആത്മീകവും ഭൗതീകവുമായ കാര്യങ്ങൾ ഉത്സാഹപൂർവ്വം നിർവ്വഹിക്കുന്നു.

പ്രൊഫസർ മാത്യു ഏബ്രഹാം (ഹെഡ്മാസ്റ്റർ), മോളിക്കുട്ടി സൈമൺ (സെക്രട്ടറി), ഡെയ്സി രഞ്ചൻ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ ശക്തമായി മുന്നേറുന്നു. പാസ്റ്റർ ജോൺ വർഗീസ് (പ്രസിഡന്റ്), സാറാമ്മ ഈപ്പൻ (വൈസ് പ്രസിഡന്റ്), അന്നമ്മ ശമുവേൽ (സെക്രട്ടറി), അന്നമ്മ തോമസ് (ട്രഷറർ) തുടങ്ങിയവർ സോദരീ സമാജം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

ബ്രൈറ്റ് എ. ബെന്നി (പ്രസിഡന്റ്) സൈമൺ ഇ. ജെ. (സെക്രട്ടറി), സാം വർഗീസ് (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള പി. വൈ. പി. എ. കമ്മറ്റിയും സജീവമായി പ്രവർത്തിക്കുന്നു. സഭാംഗങ്ങളുടെ നിസ്വാർത്ഥമായ സ്നേഹവും, ഒത്തൊരുമയും, സഹകരണവും, സഭാപ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുന്നേറുന്നതിന് മുഖ്യപങ്കുവഹിക്കുന്നു. കർത്താവിന്റെ മടങ്ങിവരുവോളം സഭയുടെ പ്രവർത്തനങ്ങൾ അഭംഗുരം തുടരുവാൻ സർവ്വശക്തന്റെ കൃപാ കടാക്ഷങ്ങൾ തുടർന്നും ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

# ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യ

## പത്തനാപുരം, കേരള

## കൊയ്ത്തിനായി വിളഞ്ഞ വയലുകൾ

"ഇനി നാലുമാസം കഴിഞ്ഞിട്ടു കൊയ്ത്തുവരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾത്തന്നെ കൊയ്ത്തിനു വിളഞ്ഞിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

യോഹന്നാൻ 4:35

തന്നെ സമീപിച്ച ജനങ്ങളോട് മാനസാന്തരപ്പെടുവാൻ യോഹന്നാൻ സ്നാപകൻ വിളിച്ചു പറഞ്ഞു. തന്റെ പിന്നാലെ കടന്നുവന്ന യേശുക്രിസ്തു ലോകത്തിന് മാനസാന്തരസന്ദേശം നൽകി തന്റെ ശുശ്രൂഷ ആരംഭിച്ചു. എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നും ആരും നശിച്ചുപോകരുതെന്നും ഉള്ള ആഗ്രഹമാണ് ക്രിസ്തുവിന്റെ ശുശ്രൂഷയുടെ കാതൽ. തന്റെ കാന്തയാകുന്ന സഭയുടെ അംഗങ്ങളായി തീരുവാൻ സുവിശേഷത്തിലൂടെ ജനങ്ങളെ അവൻ ക്ഷണിക്കുകയാണ്. പാപികളായി നിത്യജീവൻ നഷ്ടപ്പെടുത്തുന്ന ജനതയ്ക്ക് വിടുതലിന്റെ സന്ദേശമാണ് ക്രിസ്തുവിന്റെ സുവിശേഷം. അതിനായി അവൻ കാൽവറി ക്രൂശിൽ പരമയാഗമായി തീർന്നു. ശത്രുക്കളായിരുന്നപ്പോൾ, അന്യരായിരുന്നപ്പോൾ നമ്മെ സ്നേഹിച്ചതാണ് ക്രിസ്തു സുവിശേഷത്തിന്റെ ആകെത്തുക. നമുക്ക് ലഭിച്ച രക്ഷയുടെ അനുഭവം മറ്റുള്ളവരിലേക്ക് പകരുവാനും നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ച് ഭാരമുള്ളവരായി മറ്റുള്ളവരെ നേടുവാനും ഉള്ള വലിയ ദൗത്യം നമുക്കുണ്ട്. വിളവെടുപ്പിന് കാലം അതിക്രമിച്ചിരിക്കുന്ന വയൽ നമ്മുടെ ദർശനത്തിലുണ്ടാകണം. അത് നിമിത്തമുള്ള ആത്മഭാരവും നമ്മെ ഭരിക്കണം. തിടുക്കത്തോടെ അയച്ചവന്റെ വേല ചെയ്യുവാൻ ഉത്സുകരാകണം. ഈ ഒരു ദർശനമാണ് ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ രൂപീകരണത്തിന് കാരണമായത്. സമൂഹത്തിൽ അശരണരായവരെ സഹായിക്കുക, നിത്യജീവന്റെ സുവിശേഷം പ്രസംഗിക്കുക എന്നിവ നമ്മുടെ കടമയാണ്. നമുക്ക് ലഭിച്ച നന്മകളും അനുഗ്രഹങ്ങളും എല്ലാം മറ്റുള്ളവരുടെ അനുഗ്രഹത്തിന് കാരണമാകണം. ലോഗോസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ നിങ്ങളെ ക്ഷണിക്കുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ സ്നേഹപൂർവ്വം

പാസ്റ്റർ വിജി ചാക്കോ, ഡയറക്ടർ

## പാസ്റ്റർ വിജി ചാക്കോ (ഡയറക്ടർ)



പാസ്റ്റർ വിജി ചാക്കോ

1965–ൽ ജനിച്ച പാസ്റ്റർ വിജി ചാക്കോ ഹരിയാന ഗ്രേയ്സ് ബൈബിൾ കോളജിലും ന്യൂ ലൈഫ് ബിബ്ളിക്കൽ സെമിനാരിയിലുമായി വേദപഠനം നടത്തി. 1987–ൽ ബീഹാറിലെ റാഞ്ചിയിൽ ഗ്രാമീണരുടെ ഇടയിൽ പ്രവർത്തിച്ചു. തുടർന്ന് ബാംഗ്ലൂരിൽ 1988 – ൽ എത്തി.പാസ്റ്റർ ദത്തോസ് ചെറിയാനോടൊപ്പം പ്രവർത്തിച്ചു. 1989–ൽ പാസ്റ്റർ മാത്യു എം. ചെറിയാന്റെ മകൾ ഷൈനിയെ വിവാഹം ചെയ്തു. 1992–ൽ അമേരിക്കയിലെത്തി. അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലിയിലെ വർഷിപ്പ് ലീഡറായ പാസ്റ്റർ വിജി ചാക്കോ അനേക ക്രൈസ്തവ ഗാനങ്ങളുടെ രചയിതാവ് കൂടിയാണ്. 1987 –ൽ തനിക്ക് ദൈവം നൽകിയ ദർശന പ്രകാരം ആരംഭിച്ചതാണ് ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യ. ലോഗോസ് മിനിസ്ട്രിയുടെ ഡയറക്ടറായി പ്രവർത്തിക്കുന്ന പാസ്റ്റർ വിജി ചാക്കോയുടെ ഭാര്യ: ഷൈനി ചാക്കോ

മക്കൾ : ജെൻസീൻ, ജയ്സൺ, ജാസ്മിൻ

മരുമകൻ: ജിജോ, കൊച്ചുമകൻ: ജെരമിയ

## ലോഗോസ് സ്നേഹഭവൻ



സമൂഹത്തിലെ അശരണരായ കുട്ടികളെ ആവശ്യമായ ജീവിത സൗകര്യങ്ങൾ നൽകി ആത്മീയ ശിക്ഷണത്തിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ലോഗോസ് സ്നേഹഭവന് തുടക്കം കുറിച്ചത്. ഏഴ് കുട്ടികളുമായി 2014–ൽ ആരംഭിച്ച സ്നേഹഭവൻ തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ കുഞ്ഞുങ്ങളെ ഏറ്റെടുത്ത് പ്രവർത്തനം വിശാലമാക്കുവാനാണ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, നല്ല താമസസൗകര്യം എന്നിവ നൽകുന്നതോടൊപ്പം ആവശ്യമായ ആത്മീയ ശിക്ഷണം നൽകി ഭാവിയിൽ ഉത്തമ പൗരന്മാരായി തീരുവാനുള്ള അവസരമാണ് ലോഗോസ് സ്നേഹഭവൻ നൽകുന്നത്. ഇടുക്കി ജില്ലയിൽ നിന്നുള്ള കുട്ടികൾക്കാണ് പ്രവേശനത്തിന് മുൻഗണന നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് ജനറൽ കോർഡിനേറ്റർ ഇവാ. സന്തോഷ് ചാക്കോയുമായി ബന്ധപ്പെടുക.

## ക്രൈസ്തവഗാന സിഡികൾ




ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ സംഗീത വിഭാഗമായ ലോഗോസ് മ്യൂസിക്സിന്റെ ചുമതലയിൽ ക്രൈസ്തവ സിഡികൾ പുറത്തിറക്കുന്നു. ഗാന രചയിതാവ് കൂടിയായ പാസ്റ്റർ വിജി ചാക്കോ രചിച്ച ഗാനങ്ങളും ഈ സിഡികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിടുതലിൻ കരങ്ങൾ, നിത്യമാം സ്നേഹം, മാറാത്ത സ്നേഹം, മാറാത്ത സഹായി, മാറാത്ത സ്നേഹിതൻ, തുടങ്ങിയവയാണ് ലോഗോസ് മ്യൂസിക്സ് പുറത്തിറക്കിയിരിക്കുന്ന സി. ഡി.കൾ.

## ലോഗോസ് മ്യൂസിക്സ്

### പത്തനാപുരം



പാസ്റ്റർ സന്തോഷ് ചാക്കോ ഗാനം ആലപിക്കുന്നു

ക്രൈസ്തവഗായകനും സുവിശേഷകനുമായ സന്തോഷ് ചാക്കോ നേതൃത്വം നൽകുന്ന ലോഗോസ് മ്യൂസിക്സ് ഇന്ന് ഏറെ പ്രശസ്തമായിക്കഴിഞ്ഞിരിക്കുന്നു. കൺവൻഷനുകൾ, ക്രൂസേഡുകൾ, വിവാഹം, ശവസംസ്കാരം തുടങ്ങിയ ശുശ്രൂഷകളിൽ സംഗീതശുശ്രൂഷ നിർവ്വഹിക്കുന്ന ലോഗോസ് മ്യൂസിക്സ് സുവിശേഷീകരണരംഗത്തും ശക്തമായ മുന്നേറ്റമാണ് നടത്തുന്നത്. സുവിശേഷീകരണം ലാക്കാക്കി വിവിധയിടങ്ങളിൽ പരസ്യയോഗവും ടീമിന്റെ ചുമതലയിൽ നടത്തപ്പെടുന്നു. പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ പരസ്യയോഗം നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ടീമിന്റെ സൗജന്യസേവനം ലഭ്യമാണ്. താല്പര്യമുള്ളവർക്ക് ബന്ധപ്പെടാം. ഫോൺ 8281168282



പാസ്റ്റർ വിജി ചാക്കോ കുടുംബത്തോടൊപ്പം

## കൂടുതൽ വിവരങ്ങൾക്ക്

| LOGOS MINISTRIES IN INDIA<br>Chenkilath Salem House<br>Pathanapuram, Kollam Dist<br>PH: 828 -116 - 8282 | VIJI CHACKO<br>Logos Ministries<br>3970 Embassy way<br>Lilburn, GA 30047, USA |
|---|---|

Email: vijishiny3@yahoo.com

## ഡോ.കോര സംസാരിക്കുന്നു



1. 27 വർഷം പന്തലിൽ കേൾവിക്കാരനായിരുന്നിട്ടും പ്രസംഗിക്കാൻ അവസരം തരുവാൻ പഞ്ചാബിൽ നിന്ന് ഒരു ജേക്കബ് ജോൺ പാസ്റ്റർ വരേണ്ടിവന്നുവെന്ന് ഒരു പ്രസംഗകൻ പറഞ്ഞത് കോര കേട്ടോ **– സാം കുമ്പനാട്**

*ഇതും ഒരുതരം സോപ്പിന്റെ വിഭാഗത്തിൽപെടും. ഭരണം മാറാതിരിക്കട്ടെ.*

2. പാനലുകൾക്കധീതമായി സ്റ്റേറ്റ് തെരഞ്ഞെടുപ്പ് നടക്കുമെന്ന വാർത്ത കണ്ടോ
– ബിനു, പത്തനംതിട്ട

*കണ്ടു കണ്ടു. ഇപ്പോൾ നടക്കുന്നതിനെ പാനൽ മീറ്റിംഗ് എന്നല്ലേ പറയുന്നത്. അതോ പാനൽ മീറ്റിംഗിന്റെ പേരുമാറ്റിയോ.*

3. സ്വദേശികമായ പച്ചവൃക്ഷത്തെക്കുറിച്ച് ആസാഫ് പറഞ്ഞിട്ടുണ്ടല്ലോ. പിന്നെ അതിലെ പോയപ്പോൾ അതിനെ കണ്ടില്ലെന്നും അത് ഉണങ്ങിപ്പോയെന്നും ആസാഫ് പറഞ്ഞിട്ടുണ്ടല്ലോ. ഇത് എന്തിനെക്കുറിച്ചാണ് കോരെ?
**– എബി കുമ്പനാട്**

*കുമ്പനാട് കൺവൻഷൻ സമയത്ത് മാത്രം പ്രത്യക്ഷപ്പെടുന്ന ചില പത്രങ്ങളും പത്രക്കാരുമുണ്ട്. കൺവൻഷൻ കഴിഞ്ഞാൽ പിന്നെ അവരെ കാണാറില്ല. ഇത്തരക്കാരെ ഉദ്ദേശിച്ചാണോ ആസാഫ് പറഞ്ഞതെന്നാണ് കോരയുടെ ഇപ്പോഴത്തെ ചിന്ത.*

TRUE LIGHT CHRISTIAN ASSEMBLY
HOUSTON
SEEKING YOUTH PASTOR
True Light Christian Assembly
5431 W Ridgecreek Dr. Houston TX 77053
www.TrueLightChristianAssembly.com

True Light Christian Assembly, a full-gospel Pentecostal Church located in South-West Houston is seeking eligible candidates for the Youth Pastor position.

Qualifications

| | | |
|---|---|---|
| Age | : | 40 under |
| Education | : | Bachelors degree or above in Theology or Divinity |
| Experience | : | Previous Youth Pastor/Youth Ministry experience required. |
| Nationality | : | Only USA/Canada residents |
| Marital Status | : | Should be married. |

Apply with 2 references to
tlcayouthpastor@gmail.com

# സെന്റർ കൺവൻഷൻ

**റാന്നി:** ഐ. പി. സി. റാന്നി വെസ്റ്റ് സെന്റർ 91-ാം മത് കൺവെൻഷൻ 2015 ഫെബ്രുവരി 4 ബുധൻ മുതൽ 8 ഞായർ വരെ റാന്നി വളയനാട്ട് ആഡിറ്റോറിയത്തിൽ വെച്ച് നടക്കും. റാന്നി സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ. കെ. ചെറിയാൻ പ്രാർത്ഥിച്ച് ആരംഭിക്കുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ ജേക്കബ് ജോൺ (ഐപിസി ജനറൽ പ്രസിഡന്റ്), കെ.സി.തോമസ് (ഐപിസി കേരളാ സ്റ്റേറ്റ് പ്രസിഡന്റ്), കെ.ജോയി (ഡൽഹി), വർഗീസ് എബ്രഹാം (രാജു മേത്ര-റാന്നി), തോമസ് ഫിലിപ്പ് (വെൺമണി), മാത്യു കെ. വർഗീസ്(പോലീസ് മത്തായി), കെ.കെ. ചെറിയാൻ (റാന്നി) തുടങ്ങിയവർ പ്രസംഗിക്കും. ക്രൈസ്റ്റ് സിംഗേഴ്സ് ചെങ്ങന്നൂർ ഗാനശുശ്രൂഷ നിർവ്വഹിക്കും. കൺവൻഷനേടനുബന്ധിച്ച് സണ്ടേസ്കൂൾ, പിവൈപിഎ, സോദരീസമാജം എന്നിവ നടക്കും. ഞായറാഴ്ച്ച സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയ്ക്ക് ശേഷം പൊതുയോഗത്തോടുകൂടെ കൺവെൻഷൻ സമാപിക്കും.

**മേലുകാവ്:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ, മേലുകാവ് സെന്റർ 20-ാമത് വാർഷിക കൺവൻഷൻ 2015 ജനുവരി 29 മുതൽ ഫെബ്രു. 1 വരെ ഐ. പി. സി. മോറിയ ഗ്രൗണ്ട്, കാഞ്ഞിരംകവല, മേലുകാവ് വച്ച് നടക്കും. പാസ്റ്റർ വർഗ്ഗീസ് മാത്യു (ഐ. പി. സി. മേലുകാവ് സെന്റർ മിനിസ്റ്റർ) ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ. എം. ജോസഫ് (പെരുമ്പാവൂർ), പാസ്റ്റർ തോമസ് ഫിലിപ്പ് (വെൺമണി), പാസ്റ്റർ ഷാജു സി. ജോസഫ് (കോതമംഗലം), പാസ്റ്റർ പി. സി. ചെറിയാൻ (റാന്നി) എന്നിവർ പ്രസംഗിക്കും. ഗാനശുശ്രൂഷ സെന്റർ ക്വയർ നിർവ്വഹിക്കും. സംയുക്ത ആരാധനയും തിരുവത്താഴശുശ്രൂഷയോടുകൂടി കൺവൻഷൻ സമാപിക്കും.

**ചെങ്ങന്നൂർ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ചെങ്ങന്നൂർ സെന്റർ സിൽവർ ജൂബിലി കൺവൻഷൻ 2015 ഫെബ്രുവരി 4മുതൽ 8വരെ കടപ്ര ഹെബ്രോൻ ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടക്കും. ഡി. മിനിസറ്റർ പാസ്റ്റർ കെ. എം. ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ. എം. ജോസഫ്, പാസ്റ്റർ എം. വി. മത്തായി, പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ സണ്ണി കുര്യൻ, പാസ്റ്റർ അജി ആന്റണി, സിസ്റ്റർ മേഴ്സി എന്നിവർ പ്രസംഗിക്കും. ഗാനശുശ്രൂഷ സെന്റർ ക്വയർ നിർവ്വഹിക്കും. കർത്തൃമേശയോടും സംയുക്ത ആരാധനയോടുംകൂടി കൺവൻഷൻ സമാപിക്കും.

**അടൂർ:** ഐ.പി.സി. വെസ്റ്റ് സെന്റർ വാർഷിക കൺവൻഷൻ 2015 ഫെബ്രുവരി 4 മുതൽ 8 വരെ ശൂരനാട് ഐ.പി.സി. ശാലേം നഗറിൽ നടത്തും. പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് (കടമ്പനാട്) ഉദ്ഘാടനം ചെയ്യും. പാസറ്ററന്മാരായ ജോയി പാറയ്ക്കൽ, ഫിലിപ്പ് പി. തോമസ്, റ്റി.ഡി.ബാബു, സാം ജോർജ്ജ്, ഡോ. ജോയി ജോസഫ് എന്നിവർ പ്രസംഗിക്കും. ശൂരനാട് ശാലേം സിംഗേഴ്സ് ഗാനശുശ്രൂഷ നടത്തും. സണ്ടേസ്കൂൾ, പി.വൈ.പി.എ., സോദരിസമാജം വാർഷിക മീറ്റിംഗുകളും, സംയുക്ത സഭായോഗവും കൺവൻഷനോടനുബന്ധിച്ച് നടത്തും. പാസ്റ്ററന്മാരായ തോമസ് ജോസഫ്, ബിജു കോശി, സാജൻ ഈശോ, എൽ.ഫിലിപ്പ് എന്നിവർ നേതൃത്വം നല്കും.

**ഒറ്റപ്പാലം:** 17-ാം മത് ഭാരതപ്പുഴ കൺവൻഷൻ ഫെബ്രുവരി 5 – 8 ഒറ്റപ്പാലം ഭാരതപ്പുഴ മണൽപ്പുറത്ത് നടക്കും. പാസ്റ്റർമാരായ ടി.ഡി. ബാബു, അജി ആന്റണി, ബ്രദർ സുരേഷ് ബാബു, എന്നിവർ പ്രസംഗിക്കും. സ്റ്റീഫൻ ദേവസിയുടെ നേതൃത്വത്തിൽ ഫേവറൈറ്റ് മെലഡീസ് സംഗീതം ആലപിക്കും. ഫെബ്രുവരി 6 വെള്ളി ഉപവാസപ്രാർത്ഥനയും 8 ഞായർ ഉച്ച്യ്ക്കുശേഷം യുവജനസമ്മേളനം ബൈബിൾ റാലിയും നടക്കും. ദൂരെസ്ഥലങ്ങിൽ നിന്ന് വരുന്നവർക്ക് താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. തെക്കേമലബാറിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ ഭാരതപ്പുഴ കൺവെൻഷനിൽ ധാരാളം പേർ പങ്കെടുത്തു വരുന്നു.

**നെടുമ്പാശ്ശേരി:** ഐ. പി. സി. നെടുമ്പാശ്ശേരി ബൈബിൾ കൺവൻഷൻ 2015 ജനുവരി 30, 31 ഫെബ്രുവരി 1 വരെ കെ. ഒ. കുരിയപ്പൻസ് ഗ്രൗണ്ട്, കരിയാട് (കാർണിവൽ ഫുഡ്കോർട്ടിന് എതിർവശം) നടക്കും. പാസ്റ്റർ സണ്ണി മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ഫിലിപ്പ് പി. തോമസ് (ഐ. പി. സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി), പാസ്റ്റർ ബാബു ചെറിയാൻ (പിറവം), പാസ്റ്റർ സണ്ണി കുര്യൻ (വാളകം) എന്നിവർ പ്രസംഗിക്കും. സംഗീതശുശ്രൂഷ ഗോഡ്സ് വോയ്സ് (കൊച്ചിൻ) നിർവ്വഹിക്കും.

**സൂററ്റ്:** യുണൈറ്റഡ് പെന്തെക്കോസ്തൽ ചർച്ച് ഫെലോഷിപ്പിന്റെ 15-ാം വാർഷീക കൺവെൻഷൻ 2015 ജനുവരി 22 മുതൽ 25 വരെ നവസാരി ബസാറിലുള്ള രാജശ്രീ ആഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർമാരായ ബെനിസൻ മത്തായി (ദോഹ), എം.ഐ. ഈപ്പൻ(ബാംഗ്ലൂർ) എന്നിവർ വചന ശുശ്രൂഷ നിർവ്വഹിച്ചു. യുപിസിഎഫ് ക്വയറിനെ കൂടാതെ ഇവാ: ആഷ്ലി ജോസഫ് (ന്യൂഡൽഹി) ഗാന ശുശ്രൂഷ നിർവ്വഹിച്ചു.

# എക്സൽ വി.ബി.എസ് 2015 ചിന്താവിഷയം തിരഞ്ഞെടുത്തു




**തിരുവല്ല:** എക്സൽ വി.ബി.എസ് 2015 ചിന്താവിഷയം തിരഞ്ഞെടുത്തു ഉത്തമഗീതം 2:12 അടിസ്ഥാനപ്പെടുത്തി പുഷ്പങ്ങൾ (“FLOWERS”) എന്നതാണ് ചിന്താവിഷയം. ഈ ചിന്താവിഷയത്തെ ആധാരമാക്കി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട, ഹിന്ദി എന്നീ വ്യത്യസ്ത ഭാഷകളിൽ ഉള്ള സിലബസുകൾ തയാറായി വരുന്നു. പാട്ടുകൾ, ഗെയിമുകൾ, അഭിനയഗാനങ്ങൾ, ബൈബിൾ ടിപ്സ്, ബൈബിൾ പാഠങ്ങൾ എന്നിവ തയാറായി വരുന്നു. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും 4000 ൽ അധികം വി.ബി.എസുകളും യുവജനക്യാമ്പുകളും നടക്കും. വിവിധ ചർച്ചുകൾ 300 ൽ അധികം ഡയറക്ടേഴ്സ് പരിശീലനങ്ങൾക്ക് നേതൃത്വം നൽകും. ചിന്താവിഷയം അടിസ്ഥാനമാക്കി സീഡികൾ (ഓഡിയോ, വീഡിയോ) തയാറായി വരുന്നു. ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ള പാട്ടുകൾ, ബൈബിൾ ഗെയിമുകൾ, കഥകൾ മുതലായവ ക്ഷണിക്കുന്നു. വി.ബി.എസ് നടത്തുവാനോ സുഗമമായ നടത്തിപ്പിനായി ബിനു ജോസഫ് വടശേരിക്കര, അനിൽ ഇലന്തൂർ, ഷിബു ജോൺ, സ്റ്റാൻലി റാന്നി, ബെൻസൺ തോട്ടഭാഗം, സാജു ഫിലിപ്പ്, ബ്ലസൺ പി. ജോൺ, അകിലാവ്, സാംസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. ടീമിന്റെ ഭാഗമായി പ്രവർത്തിക്കുവാനോ വി.ബി.എസ് നടത്തുവാനോ താല്പര്യമുള്ളവർ താഴെകാണുന്ന ഫോൺ നമ്പറിൽ വിളിക്കുക. 9495834994, 9496325026.

MISPA

Aluminium Fabrication
Mannuthy, Thrissur
Aluminium, Powder cotting,
Electro colouring works and Sintex door
IPC STATE COUNCIL MEMBER
K. P. JOSE
PROPRIETOR
Mob: 9447352837
Ph: 0487 - 2689120
Muscat: 0096899720656
ഇന്ത്യയ്ക്കകത്തും, വിദേശത്തും ശാഖകളുള്ള സ്ഥാപനം.
പുതുതായി മസ്കറ്റിൽ ഞങ്ങളുടെ ബ്രാഞ്ച് ആരംഭിച്ചിരിക്കുന്നു

ഗ്രന്ഥകർത്താവ്
ഏബ്രഹാം മർക്കോസ്
MA, M.Th., M.Phil




77 പ്രസംഗങ്ങൾ
777 പ്രസംഗ കുറിപ്പുകൾ
ശുശ്രൂഷാ സഹായി

ബേർശേബാ പബ്ലിക്കേഷൻസ് തിരുവല്ല

കുമ്പനാട് കൺവൻഷൻ സ്റ്റാളുകളിൽ ലഭ്യമാണ്.

# 91–ാമത് ജനറൽ കൺവൻഷന് അനുഗ്രഹ തുടക്കം



**കുമ്പനാട്:** 91–ാമത് ഐ. പി. സി. ജനറൽ കൺവൻഷൻ ഹെബ്രോൻപുരത്ത് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്തു. ഐ. പി. സി. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച കൺവൻഷനിൽ പാസ്റ്റർ കെ. സി. ജോൺ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ് സങ്കീർത്തനം വായിച്ചു. ആക്ടിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് സ്വാഗതം പറഞ്ഞു.

നമ്മുടെ പിതാക്കന്മാർ വചന സത്യത്തിനുവേണ്ടി നിലകൊണ്ടവരാണ്. പട്ടിണിയുടെയും കഷ്ടതയുടെയും നടുവിൽ കർത്താവിനായി അവർ നിലകൊണ്ടു. വിശ്വാസം നിമിത്തം പീഢ അനുഭവിക്കേണ്ടി വന്നെങ്കിലും ധൈര്യമായി മുന്നേറി. പ്രതികൂല സാഹചര്യങ്ങൾ സഭയെ ഒരിക്കലും തളർത്തുകയില്ല. പ്രാർത്ഥനയുടെ പിൻബലത്താൽ പ്രതികൂലങ്ങളെ തരണം ചെയ്യുവാൻ ദൈവം സഭയെ ശക്തീകരിക്കും. പ്രതികൂലങ്ങളും പീഢനങ്ങളുമെല്ലാം സഭാവളർച്ചയെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളാണ് പാസ്റ്റർ ജേക്കബ് ജോൺ പ്രസ്താവിച്ചു. കുമ്പനാട് കൺവൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വിവിധയോഗങ്ങളിൽ പാസ്റ്റേഴ്സ് ജോർജ്ജ് മോനച്ചൻ, സണ്ണി ഫിലിപ്പ്, സണ്ണി കുര്യൻ, അലക്സ് വെട്ടിക്കൽ, റ്റി. ഡി. ബാബു, തോമസ് ഫിലിപ്പ്, കെ. ജെ. തോമസ്, വിൽസൺ ജോസഫ്, വർഗീസ് ഏബ്രഹാം, ഫിലിപ്പ് പി. തോമസ്, കെ. സി. തോമസ്, സാമുവേൽ ജോൺ, വൽസൻ ഏബ്രഹാം, ബാബു ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു.

പാസ്റ്റർ ജേക്കബ് ജോൺ (ജനറൽ പ്രസിഡന്റ്), പാസ്റ്റർ ബേബി വർഗീസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ സാം ജോർജ്ജ് (ആക്ടിംഗ് ജനറൽ സെക്രട്ടറി), ബ്രദർ ജോൺ ജോസഫ് (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ പി. ഇ. ജോർജ്ജ് (റിസപ്ഷൻ), ജോസഫ് ഏബ്രഹാം (രജിസ്ട്രേഷൻ), ബേബി വർഗീസ് (ഫുഡ്) തുടങ്ങിയവർ വിവിധ കമ്മറ്റികളുടെ ചുമതല വഹിച്ചു.

കാനം അച്ചന്റെ ഏറ്റവും പുതിയ പുസ്തകം

വിശുദ്ധസഭയും കൾട്ടുകളും




അഞ്ചുപതിറ്റാണ്ടായി സുവിശേഷപ്രഭാഷണ വേദികളിൽ നിറഞ്ഞുനിൽക്കുന്ന സുവി. പി.ഐ. ഏബ്രഹാമിന്റെ (കാനം അച്ചൻ) ഏറ്റവും പുതിയ പുസ്തകം. സഭയുടെ അടിസ്ഥാനസത്യങ്ങൾ വ്യക്തമാക്കുന്നതോടൊപ്പം ദൈവവചനത്തിൽ മായംചേർത്ത് വിവിധ സഭാപ്രസ്ഥാനങ്ങൾ സൃഷ്ടിക്കുന്ന ആചാരാനുഷ്ഠാനങ്ങളെയും കൾട്ടുഗ്രൂപ്പുകളെയും ആഴത്തിൽ അറിയാൻ സഹായിക്കുന്ന ഗ്രന്ഥം. മൗലികസത്യങ്ങളെ ചോദ്യം ചെയ്യുന്നവർക്കു മറുപടി നൽകാൻ നിങ്ങൾക്കു കരുത്തേകും.

കോപ്പികൾ ഇന്നുതന്നെ സ്വന്തമാക്കുക

പ്രസാധകർ:
**കിങ് ബുക്സ്**
**പുളിക്കക്കവല പി.ഒ., കോട്ടയം– 686 515**
**ഫോൺ: 9562766825**

വില 100 രൂപ

# ഫിലദെൽഫ്യാ ദൈവസഭ ജനറൽ കൺവൻഷൻ
## 2015 ജനുവരി 26 മുതൽ ഇരവിപേരൂരിൽ

**ഇരവിപേരൂർ:** ഫിലദെൽഫ്യാ ദൈവസഭയുടെ 36–ാം മത് ജനറൽ കൺവൻഷൻ ഇരവിപേരൂർ ഫിലദെൽഫിയ കൺവൻഷൻ നഗറിൽ വെച്ച് 2015 ജനുവരി 26–ാം തീയതി തിങ്കൾ വൈകിട്ട് 6 മണി മുതൽ ഫെബ്രുവരി 1–ാം തീയതി ഞായർ വരെ നടത്തപ്പെടും,

പാസ്റ്റർ വർഗീസ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ സഭാ വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ മുഖ്യപ്രഭാഷകരായി പാസ്റ്റർമാരായ സന്തോഷ് വർഗീസ് (മുംബൈ), റെജി ശാസ്താംകോട്ട കെ.എ .ഏബ്രഹാം, തേജസ്സ് ജേക്കഹ് വർഗീസ്, സണ്ണി താഴാംപള്ളം, വി.ജി. ഈശോ, പ്രയ്സ് കർത്താ, സിസ്റ്റർ ജോളി താഴാംപള്ളം എന്നിവർ പ്രസംഗിക്കും. വിവിധ ദിവസങ്ങളിലായി സണ്ടേസ്കൂൾ, പി.വൈ.എഫ്, വുമൺസ് ഫെലോഷിപ്പ്, മിഷനറി സമ്മേളനം, സാഹിത്യ സമ്മേളനം, വെൽഫെയർ ബോർഡ് സമ്മേളനം തുടങ്ങിയവ നടത്തപ്പെടും.

ഫെബ്രുവരി 1–ാം തീയതി ഞായറാഴ്ച പകൽ സംയുക്ത ആരാധന നടത്തപ്പെടും. പാസ്റ്റർ വർഗീസ് ജേക്കബിന്റെ നേതൃത്വത്തിലുള്ള കർത്തൃമേശയോടെ കൺവൻഷൻ സമാപിക്കും.

കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി പാസ്റ്റർ വർഗീസ് ജേക്കബിന്റെ മേതൃത്വത്തിൽ ചുമതലപ്പെട്ട കമ്മറ്റിയാൽ പാസ്റ്റർ വി.ജി.ഈശോ പ്രോഗ്രാം കോർഡിനേറ്ററായും,പാസ്റ്റർ മാത്യു ശാമുവേൽ (പബ്ലിസിറ്റി), പാസ്റ്റർ കെ.ഇ മാത്യു (ഫുഡ്), കെ.എം. ഉമ്മൻ (റിസപ്ഷൻ), ഷാജി ജോസഫ് (ക്വയർ), പാസ്റ്റർ റ്റി.വി സജി (ലൈറ്റ് & സൗണ്ട്), പാസ്റ്റർ കെ.ജെ. ജോസഫ്(ഫൈനാൻസ്), പാസ്റ്റർ ഏ.സി. ശാമുവേൽ(പ്രയർ), ബ്രദർ ചാക്കോ ചാക്കോ (വോളണ്ടിയർ) എന്നിവരുടെ ചുമതലയിൽ വിപുലമായ കമ്മറ്റി പ്രവർത്തിച്ചു വരുന്നു.

## നിത്യതയിൽ



**എം.ജെ.ജോർജ്**

**ഡാളസ്:** പുനലൂർ പേപ്പർമിൽ ഉദ്യോഗസ്ഥനായിരുന്ന കുന്നേൽ വീട്ടിൽ എം.ജെ.ജോർജ് (93) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഐ.പി.സി ഹെബ്രോൻ ചർച്ചിൽ വെച്ച് സംസ്കാര ശുശ്രൂഷകൾ നടത്തിയ ശേഷം ഡാളസിൽ ന്യൂഹോപ്പ ്സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ: ചെല്ലമ്മ ജോർജ്, മക്കൾ: ജോസ്, തമ്പി, നിർമ്മല, റെജി (എല്ലാവരും യു.എസ്.എ), മരുമക്കൾ: എൽസി, സജിത, കോശി, അരുണ(എല്ലാവരും യു.എസ്.എ)



**എം.ജി. ജോൺ**

**അടൂർ:** മണ്ണൂർ മേലേതിൽ കുടുംബാംഗമായ കുറ്റിയിൽ കൃപാഭവനിൽ എം.ജി.ജോൺ (ജോണി–77) കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ: മറിയാമ്മ (പൊടിയമ്മ), അന്നമ്മ (കുഞ്ഞമ്മ– മുംബൈ), സാമുവേൽ (ബാബുജി– മുബൈ), മരുമക്കൾ: ബേബി, ജോയി, (മുംബൈ), ജെസി (ദുബൈ), ബീന (യു.കെ)



**നൈനാൻ ജോൺ(75)**

**കല്ലുമല:** ചർച്ച് ഓഫ് ഗോഡ് സഭാംഗം പോളച്ചിറയ്ക്കൽ ബഥേലിൽ നൈനാൻ ജോൺ(75) നിര്യാതനായി, സംസ്കാരം സഭാ സെമിത്തേരിയിൽ നടത്തി. മുഖ്യ ശുശ്രൂഷകൾ പാസ്റ്റർ പി.ജെ. ജെയിംസ് നിർവ്വഹിച്ചു. ജെയ്സ് പാണ്ടനാട് അനുശോചനം അറിയിച്ചു. പാസ്റ്റർ സജി ഏബ്രഹാം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭാര്യ: ഗ്രേസ് നൈനാൻ മക്കൾ: ജേയ് നൈനാൻ, റേയ് നൈനാൻ, ഷെറി അജിത്

## 01 ⇦ പാസ്റ്റർ കൂടൽ കുഞ്ഞുമോന്റെ...

ഒരു വീണ്ടെടുപ്പും ക്രൂശീകരണവും ആവശ്യമില്ലാത്തതിനാൽ യേശുക്രിസ്തു യഹോവയുടെ നാമം സ്വീകരിച്ച് ദൈവസിംഹാസനത്തിൽ ഇരിക്കുന്നു. അവിടെ ഇനിയും യേശുവിന്റെ ആവശ്യമില്ല". ഇങ്ങനെപോകുന്നു ഗ്രന്ഥകാരന്റെ വിശദീകരണം.

ആദിമസഭ ഏറെ ചർച്ച ചെയ്തിട്ടുള്ള വിഷയമാണ് യേശുക്രിസ്തുവിന്റെ ആളത്വം. യേശുക്രിസ്തുവിന്റെ ദൈവത്വം, നിതൃത്വം, പിതാവിനോടുള്ള സമത്വം, ത്രിത്വത്തിലെ സ്ഥാനം തുടങ്ങിയ വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്തിരുന്നു. ക്രിസ്തുവിന്റെ ആളത്വത്തിനെതിരെ ഉയർന്നു വന്ന ദുരുപദേശങ്ങളെ സുന്നഹദോസ് ചർച്ച ചെയ്ത് തള്ളിക്കളഞ്ഞതാണ്. പാസ്റ്റർ കൂടൽ കുഞ്ഞുമോൻ എഴുതിയ ഈ ഗ്രന്ഥത്തിലെ ചില പരാമർശങ്ങൾ യേശുക്രിസ്തുവിന്റെ പൂർവ്വാസ്തിത്വം, നിത്യത്വം, ദൈവത്വം എന്നിവയെ നിഷേധിക്കുന്നവയാണ്. പെന്തെക്കോസ്ത് ചിന്തകരും നേതാക്കന്മാരും ഈ വിഷയത്തിൽ മൗനം വെടിഞ്ഞ് നിലപാട് വ്യക്തമാക്കേണ്ടതാണ്.

യേശുക്രിസ്തുവിന്റെ നിത്യത്വം നിരാകരിക്കുന്ന സെബല്യനിസവും മൊണാർക്കിനിസവുമാണ് ഈ ദുരുപദേശത്തിന്റെ അടിസ്ഥാനം. യേശുനാമക്കാരുടെ യൂണിറ്റേറിയൻ വാദങ്ങളുമായി ഇതിന് സാമ്യം ഉണ്ട്. അന്ത്യോക്യൻ സിനഡ് തള്ളിക്കളഞ്ഞ ഈ ദുരുപദേശമാണ് വീണ്ടും പൊടിത്തട്ടി പുറത്തെടുത്തിരിക്കുന്നത്.ഇതിനെതിരെ പെന്തെക്കോസ്ത് പ്രബുദ്ധത ആശയപരമായ പ്രതിരോധം തീർക്കേണ്ടതുണ്ട്. ആധുനിക ലിബറൽ ചിന്താഗതികളെയും അമിതകൃത്രിപ്പുകളെയും യേശുക്രിസ്തുവിന്റെ വ്യക്തിത്വം നിരാകരിക്കുന്ന പാഷാണ്ഡതകളെയും വിഹരിക്കാൻ അനുവാദം നൽകുന്ന നേതൃത്വത്തിന്റെ അവസരവാദപരമായ നിലപാടും ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.

അനിൽ കൊടിത്തോട്ടത്തിന്റെ പ്രഭാഷണങ്ങൾ

പ്രസിദ്ധ സുവിശേഷ പ്രഭാഷകനും മാധ്യമപ്രവർത്തകനുമായ അനിൽ കൊടിത്തോട്ടത്തിന്റെ പ്രസംഗ ഡി.വി.ഡികൾ വിതരണത്തിന് തയ്യാറായി.

ബൈബിൾ പ്രവേശിക, സഹനം ശക്തിയാക്കിയ ഭക്തൻ, ഗലീലിയായിലെ കാനാവ്, രഹസ്യ ശിഷ്യൻ, ജീവജലം, നിങ്ങളറിയാത്ത ഭക്ഷണം തുടങ്ങി ആറ് പ്രസംഗങ്ങൾ രണ്ടു ഡി. വി.ഡികളിലായി ഒരു സെറ്റിന് 200 രൂപ വില.

**കോപ്പികൾക്ക് ബെഥേൽ നെടുങ്ങാടപ്പള്ളി. ഫോൺ: 9605425561**




എക്സ്റ്റേണൽ കോഴ്സ് സെമിനാർ
Accredited by Asia Theological Association (ATA)

ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ M.Div എക്സ്റ്റേണൽ കോഴ്സിന്റെ അടുത്ത സെമിനാർ **2015,** February **16-20** വരെ സെമിനാരിയിൽ വച്ച് നടക്കുന്നതാണ്.

**Application invites from University Graduates/ B.Th (ATA/ Serampore), Mature Candidates.**

കൂടുതൽ വിവരങ്ങൾക്ക് :

**New Life Biblical Seminary,** Cheruvakal (P.O) Kollam-691 533,
Phone: 9048944345, 9447236394, 9447766316
**E-mail: newlifebs2008@hotmail.com www.nlbs.org**






# NEW LIFE BIBLICAL SEMINARY

Accredited by Asia Theological Association (ATA)

**Application Invited from born again Young People with definite call and commitment for the Lord's work**

Residential Programs ...

**Master of Theology (M.Th in Missiology& Church History)**

Two years residential program for the B.D. & M.Div holders with B+ grade

**Master of Divinity (M.Div)**

Three years program for the university graduates. Two years for the qualified B.Th holders with B grade

**Bachelor of Theology (B.Th) & Bachelor of Arts (B.A)**

Three years program in English & Malayalam medium for the +2 holders or equivalent

**Diploma in Theology (Dip.Th English)**

Two years program in English for the candidates with 10th Pass

**Graduate in Theology (G.Th Malayalam)**

Three years program for the candidates with S.S.L.C (N.L.B.S Program)

Next academic Year Commences From April 20th, 2015

For Prospectus & Further details Please Send M.O. of Rs. 100/,
For M.Th Prospectus & Further details Please Send M.O. of Rs. 250/-

The Registrar, New Life Biblical Seminary, Cheruvakkal P.O., Ayoor 691533, Kollam, Kerala, India. PH : 0474 - 2671112, 2671113, 9447236394, 9447766316
E - mail: newlifebs2008@hotmail.com, newlifebs2008@gmail.com.
Visit us on : www.nlbs.org


## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



മാധ്യമവിചാരം

# മാധ്യമവിചാരകൻ കുമ്പനാട്ടെത്തുമ്പോൾ



അനിൽ കൊടിത്തോട്ടം
9495733727

പ്രതീക്ഷിച്ചതുപോലെ അതിഞ്ഞുവന്നു. കുമ്പനാട് കൺവൻഷൻ. ആകപ്പാടെ പ്രതിസന്ധികൊണ്ട് കഴുത കുളിച്ച കുളംപോലെ കുമ്പനാട് ആകുമെന്ന് തങ്കുഗസറ്റ് എന്ന് വിശേഷിപ്പിക്കാവുന്ന ഹല്ലേല്ലൂയ്യായുടെ പ്രവചനം എപ്പോൾ നിറവേറും എന്നതിലാണ് നമ്മുടെ കാത്തിരിപ്പ്. പ്രതിസന്ധി ഉണ്ടാകാൻ പാകത്തിന് പരമാവധി പിന്നാമ്പുറ കളികൾ നടത്തിയിട്ടും അത് ഒന്നും ഏശാതെ വരുന്നതിന്റെ ആഘാതത്താൽ പത്രാധിപർക്ക് ഹൃദയസ്തംഭനം വന്ന് അതൊരു പ്രതിസന്ധിയാകുമെന്നുപോലും ആരും കരുതുന്നില്ല. കാരണം സാംകുട്ടി ചാക്കോ പറഞ്ഞ ഏതു കാര്യമാണ് നിറവേറിയത്? റോബിൻ ഉത്തപ്പ മാനസാന്തരപ്പെട്ടിരിക്കുന്നു എന്ന് എഴുതിയതിന്റെ അടുത്ത ആഴ്ച അയാൾ കുരിശുമല കയറി നൊവോന വണങ്ങിയത് നമ്മൾ കണ്ടു. തെലുങ്ക് നടി നഗ്മ വിശ്വാസം സ്വീകരിച്ചതായി അടുത്ത കഥ, അതും പൊളിഞ്ഞു. ഐ. പി. സി.യിൽ ഇനി ഫിലിപ്പ് പി.യുഗം ആരംഭിക്കും എന്ന് എഴുതി. പ്രത്യേകിച്ച് ഒന്നും സംഭവിച്ചില്ല. യോംഗിചോയെ മഹത്വവൽക്കരിച്ച് കുറിപ്പെഴുതി, ധനാപഹരണത്തിൽ ചോ പിടിക്കപ്പെട്ടു. ബെന്നിഹിന്നും മറ്റും ഗെബ്രിയേൽ ദൂതനേക്കാൾ പരിശുദ്ധനാണെന്ന് വാർത്ത പടച്ചുവിട്ടു. അടുത്തുതന്നെ ബെന്നിഹിൻ ഭാര്യയുമായി വഴിപിരിഞ്ഞു. വീണ്ടുംകൂടി. കുമ്പനാട് കൺവൻഷനിലും മറ്റും വചനം തീരെയില്ല. നമുക്കതുകൊണ്ട് മാരാമണ്ണിലേക്കോ പാമലയിലേക്കോ വച്ച് പിടിക്കാമെന്ന് ഒരിക്കൽ സാംകുട്ടി ഹല്ലേല്ലൂയ്യായിൽ വച്ചുകാച്ചി. പാമലയിൽ ഇപ്പോൾ ആടുകിടന്നിടത്ത് ആട്ടുരോമംപോലും ഇല്ലാത്ത സ്ഥിതിയിലായി. സമഗ്രമാറ്റങ്ങളോട് ഐ. പി. സി. ഭരണഘടന ഉടൻ നിലവിൽ വരുന്നതും കെ. സി. ജോൺ ചീഫ് പാസ്റ്ററായിരിക്കുന്നതും അതിന്റെ ആനുകൂല്യത്തിൽ തനിക്കും ചിലതൊക്കെ തടയുമെന്നും സ്വപ്നം കണ്ടു. ഒന്നുമുണ്ടായില്ല. ഇപ്പോഴത്തെ സ്വപ്നം ഐ. പി. സി.യിൽ വലിയ പ്രതിസന്ധി ഉടലെടുക്കുമെന്നായിരുന്നു. അത് കാത്തിരുന്ന് കാണാം.

ക്രൈസ്തവചിന്ത കുമ്പനാട്ടെത്തുമ്പോൾ പതിവിൽ നിന്നു വ്യത്യസ്തമായി ഒരു കുമ്പനാട് സ്പെഷ്യൽ പേജ് ഇറക്കുമെന്ന് അറിയുന്നു. റസ്സൽ തികഞ്ഞ ഫോമിലാണ്. പണ്ടേ പുനലൂർ ആസ്ഥാനത്തിലെ ഗോലിയാത്തിനുനേരെ കല്ലുതൊടുക്കാൻ തക്കം പാർത്തു കഴിയുന്ന റസ്സൽ ഐ. പി. സി.യെ കാര്യമായി ഉപദ്രവിക്കാറില്ല. എന്നാൽ പാനൽ കളിയിൽ അങ്ങും ഇങ്ങും ചാടിയും കസേര പിടിക്കാൻ അവസരം കാത്തും കഴിയുന്ന ചില നേതൃസ്ഥാനങ്ങളെ ലക്ഷ്യമിട്ട് ക്രൈസ്തവചിന്ത പണിപ്പുരയിൽ ചിലത് കരുതിവച്ചിട്ടുണ്ട്. ഐ. പി. സി. ഇലക്ഷൻ വരട്ടെ അപ്പോൾ അറിയാം ബാക്കി.

മഹോപദ്രവം സാംകുട്ടി സാഹിത്യവുമായി അച്ചൻകുഞ്ഞ് കളത്തിൽ ഉണ്ടാകും. കെട്ടുകണക്കിന് പാളം തെറ്റിയ തുരുമ്പു തീവണ്ടികൾകൊണ്ട് കുമ്പനാടും പരിസരവും നശിപ്പിക്കാൻ ഇലന്തൂരും ഏഴംകുളവും കൈകോർത്തു കഴിഞ്ഞു. കുമ്പനാട് വരുമ്പോൾ മരുപ്പച്ചയിൽ നിറയ്ക്കാൻ മറ്റു ചില പുസ്തകങ്ങളിലെ ഉള്ളടക്കം അതേപടിയെടുത്ത് കോപ്പിയടിച്ച് താഴെ കടപ്പാടും വെച്ചുകൊടുക്കുന്ന മരുപ്പച്ചയ്ക്ക് റേയ്ഞ്ചില്ല. അടുത്ത കാലത്ത് ഏ. ജി.യുടെ പത്രസമ്മേളനത്തിൽ തന്റെ 'കടപ്പാട്പച്ച' വിതരണം ചെയ്തുകൊണ്ട് തന്റേത് ഒരു മൂന്നാംകിട പത്രമാണെന്ന് സ്വയം പറയുകയുണ്ടായി. നന്ന് അത്രയും ബോധം വന്നുവല്ലോ.

സ്വർഗ്ഗീയധ്വനിയുടെ തല ജെയ്സ് പാണ്ടനാടും ഹൃദയം ഫിന്നി പി. മാത്യുവും കൈകാലുകൾ ഫിലിപ്പ് പിയുമാണ്. പാനൽ കളിയിൽ ഫിലിപ്പ് പി. ന്യൂട്രൽ ഗിയറിട്ട് തുടങ്ങിയസ്ഥിതിക്ക് പരിധിവിട്ടുള്ള ആവേശം ഒന്നും കാണിക്കാനാവില്ല. കഴിഞ്ഞ കുമ്പനാട് കൺവൻഷന് ജേണലിൽ പ്രസിദ്ധീകരിച്ച മാധ്യമവിചാരം കുറച്ചൊന്നുമല്ല സാംകുട്ടി മാത്യുവിന് ദോഷം ചെയ്തത്. പിറവത്തു നിന്നും എറണാകുളത്തുനിന്നുമുള്ള രണ്ടു പ്രസംഗകരുടെ ഉപദേശവിഷയങ്ങളിലുള്ള ചാഞ്ചാട്ടം പ്രമേയമാക്കിയതാണ് പ്രശ്നമായത്.

ഇനി കുമ്പനാട്ടെ പ്രസംഗങ്ങൾ! വെള്ളിയും ശനിയും തകർക്കും. ഐ. പി. സി.യുടെ നേതൃസ്ഥാനം ഒരു വലിയ നിധിയോട് സദൃശം. ഒരു വ്യാപാരി അത് കുഴിച്ചിട്ടിരിക്കുന്ന നിലം കണ്ട് തന്റെ പക്കലുള്ള ഭരണഘടനമുഴുവൻ വിറ്റ് അത് കൈക്കൊള്ളാൻ ശ്രമിച്ചു. ഒടുവിൽ കൈപൊള്ളി.

ശനിയാഴ്ചയിലേക്ക് അടുക്കുമ്പോൾ കളി മാറും. കരുതിക്കൂട്ടി തനിക്കു പൊട്ടക്കിണർ വിധിച്ച സഹോദരന്മാർക്കു മുമ്പിൽ ഭരണാധികാരിയായി ജോസേഫിന് അനുസ്മരിപ്പിക്കുന്ന ചിന്തകളാകും ഹെബ്രോൻ ആസ്ഥാനത്ത് വരിക. പണ്ട് ക്യാപ്റ്റൻ ശാമുവേലിന്റെയും മറ്റും കാലത്ത് പ്രസംഗവും കുത്തി പ്രസംഗവും ഉണ്ടായിരുന്നു. പിന്നീട് അത് കെ. കെ. ചെറിയാനും കെ. ജോയിയും ഏറ്റെടുത്തെങ്കിലും ക്ലച്ച് പിടിച്ചില്ല. മേത്രയും ഒരു പറ്റം യുവപ്രസംഗകരുമൊക്കെ അവസരത്തിനൊത്ത് നേതാക്കന്മാരെ തോണ്ടാറുണ്ട്. മുമ്പൊക്കെ റ്റി. ഡി. ബാബു ഇങ്ങനെ കുത്തുന്നതിൽ വീറു കാട്ടിയിരുന്നു. പഴയകേമത്തരം ഇനിയും പുറത്തെടുക്കുമോ എന്നേ അറിയാനുള്ളൂ. അങ്ങനെ സന്ധ്യയായി ഉഷസ്സുമായി കുമ്പനാടായി പ്രതിസന്ധിയായി നമുക്ക് വീണ്ടും കാണാം.

---

## 05 കൂടൽ കുഞ്ഞുമോന്റെ സെബല്ല്യനിസവും....

തേസാരംശം (same Substance) എന്നതായിരുന്നു കൗൺസിൽ നിലപാട്. അറിയൂസിന്റെ സമാന സാരാംശം (Like Substance) എന്ന സിദ്ധാന്തത്തെ തള്ളികളഞ്ഞു. നിഖ്യാ സുന്നഹദോസ് കഴിഞ്ഞ ശേഷവും അറിയൂസ് കക്ഷികളും അത്തനാസിയോസും തമ്മിൽ വാദപ്രതിവാദം തുടർന്നു.

എഫസോസിലെ സുന്നഹദോസിൽ വീണ്ടും ക്രിസ്തുവിന്റെ മനുഷ്യത്വം ചർച്ച ചെയ്യപ്പെട്ടു. അപ്പോളനേറിയൻ വാദക്കാർ ക്രിസ്തുവിന്റെ ആളത്വം പരിപൂർണ്ണമാണെന്ന് ഊന്നിപറഞ്ഞു. യേശുവിന്റെ ആളത്വത്തെ എപ്പോഴും ദൈവത്വം നിയന്ത്രിച്ചു. ദൈവത്വത്തിന്റെ ആളത്വം പരിമിതികൾക്കും വ്യതിയാനങ്ങൾക്കും അതീതമാകയാൽ മനുഷ്യമായി പരിമിതനാകുക സാധ്യമല്ല. ദൈവത്വം ദൈവത്തിൽ നിന്നും മനുഷ്യത്വം മറിയാമിൽ നിന്നുമാണെന്ന് പഠിപ്പിച്ചു. കൗൺസിൽ ഈ വാദത്തെ തള്ളികളഞ്ഞു.

യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും അതതിന്റെ സ്വഭാവ വിശേഷങ്ങൾ പരിരക്ഷിച്ചതുകൊണ്ട് അന്യോന്യം യോജിക്കുകയായിരുന്നുവെന്ന് അല്ക്സാന്ത്രിയൻ ചിന്താധാര (School Of Alexandria) വാദിച്ചു. യേശുവിന്റെ ആളത്വത്തിൽ ഭിന്നത ഒന്നും ഉണ്ടായിരുന്നില്ല. ദൈവത്വവും മനുഷ്യത്വവും പരസ്പരം സാധൂകരിച്ചു. ഇത് പൗരസ്ത്യ ദൈവശാസ്ത്രത്തിൽ "കമ്മ്യൂണിക്കേഷ്യോ ഇഡിയോമേറ്റം" (Communicatio idiomatum) എന്നറിയപ്പെടുന്നു. എന്നാൽ ക്രിസ്തുവിന്റെ ആളത്തത്തിലെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ നികത്തുവാനാകാത്ത അകൽച്ച ഉള്ളതായി അന്ത്യോക്യൻ ചിന്താധാര (School of Antioch) പഠിപ്പിച്ചു.

AD 451 ൽ കൂടിയ കൽക്കദോന്യ സുന്നഹദോസ് യേശു പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനു മാണെന്നും മനുഷ്യാവതാരം മൂലം ദൈവീക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ അന്യോന്യം കുഴപ്പം, വ്യത്യാസം, വിഭജനം, വേർതിരിവ് ഇവ കൂടാതെ സംയോജിച്ചു. യോജിപ്പിൽ ശേഷം രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുന്ന ഏക ആളത്വമായി തീരുകയും ചെയ്തു എന്ന് ചൂണ്ടിക്കാണിച്ചു. എന്നാൽ പൗരസ്ത്യ ചിന്തകന്മാർ (Two nature christology) അംഗീകരിക്കുന്നില്ല. ഏകസ്വഭാവ വാദം (monophysitism) എന്ന നിലപാട് അവർ സ്വീകരിച്ചു.

ക്രിസ്തുവിന് രണ്ട് പ്രകൃതികൾ ഉണ്ടെന്ന വാദം നെസ്തോറിയൻ അംഗീകരിച്ചില്ല. ക്രിസ്തുവിന്റെ രണ്ടു പ്രകൃതികളും ഒന്നായി യോജിച്ചു എന്ന് യൂത്തിക്കനിസം പഠിപ്പിച്ചു. പൗരസ്ത്യ സഭകളിൽ ഈ മോണോ ഫിസിറ്റിസമാണ് പ്രചരിച്ചത്. സെറിന്തസ് എന്ന ചിന്തകൻ പ്രചരിപ്പിച്ചത്, യേശുവും ക്രിസ്തുവും രണ്ടാണെന്നാണ്. സ്നാനസമയത്ത് യേശുവിന്റെ മേൽ 'ക്രിസ്തുവിന്റെ ആത്മാവ് (ദൈവത്വം) വരികയും ക്രൂശീകരണക്കിന് മുമ്പ് അവനെ വിട്ടുപോയതും ചെയ്തു. യേശു മനുഷ്യത്വവും ക്രിസ്തു ദൈവത്വമാണെന്ന് പഠിപ്പിച്ചു. ഇത് ഗുരുതരമായ ദുരുപദേശമാണ്. യോഹന്നാൻ തന്റെ ലേഖനങ്ങളിൽ മറുപടി നൽകുന്നുണ്ട്.

രണ്ടും മൂന്നും നാലും നൂറ്റാണ്ടുകളിലെ വേദശാസ്ത്ര വ്യാഖ്യാനങ്ങളും സുന്നഹദോസ് തീരുമാനങ്ങളും സഭാ നിശ്ചയങ്ങളും വ്യക്തമാണ്. ക്രിസ്തുവിന്റെ സ്വയപരിത്യാഗ സിദ്ധാന്തവും (കെനോസിസ്) വൈയക്തിക സംയോജനവും അറിയാത്തവർ ഭോഷ്ക് പ്രചരിപ്പിക്കുകയാണ്.

യേശുക്രിസ്തുവിന്റെ ദൈവത്വം, നിത്യത്വം ഇവ തെളിയിക്കുന്ന സത്യങ്ങൾ പഠനവിഷയമാക്കാതെയാണ് ഗ്രന്ഥകാരൻ വളരെ ലാഘവത്തോടെ പ്രമേയം കൈകാര്യം ചെയ്യുന്നത്. ക്രിസ്തുവിന്റെ ദൈവീക നാമങ്ങൾ, ക്രിസ്തുവിൽ വിളങ്ങിയിരിക്കുന്ന ദൈവീക വിശേഷങ്ങൾ, ക്രിസ്തു വഹിക്കുന്ന ദൈവീക ചുമതലകൾ, ആരാധന സ്വീകരിക്കുന്ന ക്രിസ്തു, പഴയനിയമത്തിൽ യഹോവയെക്കുറിച്ച് പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ, പുതിയ നിയമത്തിൽ പുത്രനെക്കുറിച്ച് ഉദ്ധരിച്ചിരിക്കുന്നത്, പിതാവിന്റെ നാമത്തോടെ ചേർന്ന് തുല്യതയിൽ പുത്രന്റെ നാമം പറയപ്പെട്ടിരിക്കുന്നത് തുടങ്ങിയ ചിന്താപീഠങ്ങൾ ഗ്രന്ഥകാരൻ ഗൗനിക്കുന്നില്ല. ക്രിസ്തുവിന്റെ പുത്രത്വം നിത്യപുത്രത്വം ആണ്. ക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യനാണ്. ത്രിത്വ നിഷേധവും യേശുക്രിസ്തുവിന്റെ വ്യക്തിത്വ നിരാകരണവും വിശ്വാസ ത്യാഗത്തിന്റെ ലക്ഷണമാണ്.

## 02 ധ്യാനം....

ന്യായപ്രമാണലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു (റോമർ 2:23,24). പ്രാണഭയത്താൽ ആടിയുലയുന്ന കപ്പലിൽ നിന്നുകൊണ്ട് അതിനു കാരണക്കാരനായ യോനയോടു സഹയാത്രികർ ചോദിക്കുന്ന നാല് ചോദ്യങ്ങൾ ഇതിനോട് ചേർന്ന് പ്രസ്കതമാണ്; നിന്റെ തൊഴിൽ എന്തു? നീ എവിടെ നിന്നു വരുന്നു? നിന്റെ നാടു ഏത്? നീ ഏതു ജാതിക്കാരൻ? ദൈവനാമത്തെ ഉയർത്തേണ്ട നമ്മിൽ നിന്നും അതിനു എതിരായ ഇത്തരം കാര്യങ്ങൾ സംഭവിക്കുമ്പോൾ ഈ നാല് ചോദ്യങ്ങൾ ലോകം നമ്മോടും ചോദിക്കുന്നുണ്ട് എന്ന് നാം മറക്കരുത്..!!! പറഞ്ഞുള്ള കളവുകൾ നമുക്കവസാനിപ്പിക്കാം!! പകരം നമ്മിൽ നിന്നും ഉയരട്ടെ അവിടുത്തെ നാമം!!

## സെന്റർ കൺവൻഷൻ

**പാലക്കാട്:** ഐ.പി.സി. പാലക്കാട് നോർത്ത് സെന്റർ കൺവെൻഷൻ 2015 ഫെബ്രുവരി 12 മുതൽ 15 വരെ സനാന ആഡിറ്റോറിയം കല്ലേടിക്കാട് വെച്ച് നടക്കും. പാസ്റ്റർമാരായ ജെ.സി പാറക്കടവ്, അനീഷ് കൊല്ലം, രാജു പൂവക്കാല എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. ഗാനശുശ്രൂഷ ദാനീയേൽ നീലഗിരി നിർവ്വഹിക്കും.

New Edition of the Book " Ningalkum Sadhyamanu"
ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികളെയും നിരാശകളെയും തരണം ചെയ്യുവാൻ നിങ്ങളെ സജ്ജമാക്കുന്ന ഒരു ഉത്തമ ഗ്രന്ഥം.....




- ജീവിതത്തിന് അർത്ഥവും ലക്ഷ്യവും പകരുവാൻ
- പ്രതീക്ഷകൾ നെയ്തെടുക്കുവാൻ
- ശുഭാപ്തി വിശ്വാസം നേടുവാൻ
- അപകർഷതയെ നേരിടാൻ
- പ്രശ്നങ്ങളെ അതിജീവിക്കുവാൻ
- ലക്ഷ്യബോധം നേടുവാൻ
- ആത്മവിശ്വാസം വളർത്തുവാൻ
- വിവാഹത്തിനായുള്ള തയ്യാറെടുപ്പിനായി
- ലക്ഷ്യബോധം പകരുന്ന മറ്റ് സർഗ്ഗാത്മകചിന്തകൾ...

A Helpful Guide to overcome the problems of Life..
Price: Rs. 199/-
Author : Binu Joseph Vadaserikara
First Pubhlished : 2005
Pages : 264
Size: 1/8 demmy
Incidents and True Stories to Inspire Yourself
Get your Copies today
Ph. 9495834994, 9496325026

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 02

# BELIEVERS JOURNAL

PUBLISHED ON 25/01/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub. ₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17










Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.